നം.കെ.എസ്.എ-കെ.ടി.എം.പി.6/23/2020 തീയതി 10.02.2020

# കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ***ഉദയനാപുരം*** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.03.2019 മുതൽ 30.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ആകെ 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 07.01.2020-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. സാബു സി. ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2019 മുതൽ 07.01.2020വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ആൽബിൻ സിറിയക് | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.എസ്. മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ക്ലീറ്റസ് ഇ. | 01.04.2018 മുതൽ 24.06.2018 വരെ |
| | ശ്രീ.ഹരി ജി.എസ്. | 25.06.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. റ്റി.പി. സുദർശൻ | 1.04.2018 മുതൽ 30.09.2018 വരെ |
| | ശ്രീ. പ്രദീപ് എൻ. | 22.10.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സീന വി.എം. | 1.04.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.നടേശൻ ഇ.ആർ. | 1.04.2018 മുതൽ 27.02.19വരെ |
| | ശ്രീമതി സീനത്ത് ബീവി കെ.പി. | 28.02.19 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.മിനി ജോസഫ് | 1.04.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ. | ശ്രീ. പ്രിൻഷാദ് പി.വൈ. | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ ബൈജു വി.വി. | 01.04.2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. പി.വി. ജോസഫ് | 1.04.2018 മുതൽ 20.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ശ്രീമോൾ എസ് | 01.04.18 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മഞ്ജു എൽ സേവ്യർ | 1.04.2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുധിൻ കൃഷ്ണൻ റ്റി. | 1.04.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.മനോജ് കുമാർ എം. | 1.04.2018 മുതൽ 31.3.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി മറ്റം മെറിറ്റ് കുര്യൻ | 1.04.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ലില്ലിക്കുട്ടി | 01.04.2018 മുതൽ 30.11.18വരെ |
| | ശ്രീമതി അഞ്ജു മോഹൻ | 01.12.2019 മുതൽ 07.01.2019 വരെ |
| | ശ്രീമതി ഉഷാ കുമാരി | 07.001.2019 മുതൽ 18.01.19 വരെ |
| | ശ്രീമതി സെറിൻ | 19.01.2019മുതൽ 31.3.2019 വരെ |

ഉള്ളടക്കം



| ഖണ്ഡിക നം. | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | വാർഷിക പദ്ധതി |
| 1-4 | ക്യാഷ് പരിശോധന |
| 1-5 | ആഭ്യന്തരനിയന്ത്രണം |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8 | പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം കളക്ഷന കൊടുത്ത ചെക്കുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല |
| 1-9 | കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 1-10 | മൊബൈൽ ടവർ കമ്പനിയിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല |
| 1-11 | വിമുക്തഭടനെന്ന് തെളിയിക്കുന്ന രേഖകളില്ലാത്ത കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചിരിക്കുന്നു |
| 1-12 | ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 1-13 | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു |
| 1-14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ - ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല |
| 1-15 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല |
| 1-16 | വാടക ഈടാക്കുന്നില്ല |
| 1-17 | ഉയർന്ന തുകയ്ക്ക് ലേലം കൊണ്ടിട്ടും കരാർ ചമയ്ക്കാൻ വിസമ്മതിച്ച് ലേലത്തിൽ നിന്ന് പിൻമാറിയ വ്യക്തിയിൽ നിന്ന് ലേല വ്യവസ്ഥ പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല |
| 1-18 | ഇ-ടെൻഡർ - ടെൻഡർ ഫീസിനത്തിലുള്ള 69,776/- രൂപ പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| 1-19 | ലൈസൻസ് - പുതുക്കിയ ചട്ടം പ്രകാരമുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല |
| 1-20 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 1-21 | മരാമത്തുവേലകളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല |
| 1-22 | വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ നിരാക്ഷേപ ഉടമസ്ഥതയിലായിട്ടില്ല |
| 1-23 | തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ - അപാകതകൾ |

| | |
|---|---|
| 1-24 | റോഡ് പ്രവൃത്തികൾ - പാർട്ട്ബിൽ കൈപ്പറ്റിയതിനുശേഷം കരാറുകാർ തുടർ പ്രവൃത്തികൾ ഏകപക്ഷീയമായി ഉപേക്ഷിച്ചത് - നഷ്ടപരിഹാരം ഈടാക്കിയില്ല |
| 1-25 | അങ്കണവാടികൾക്ക് പോഷകാഹാരവിതരണം - രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ |
| 1-26 | ടാർവീപ്പകളുടെ വിലയിനത്തിൽ ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല |
| 1-27 | മാർഗ്ഗരേഖയിലില്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചു |
| 1-28 | തുണിസഞ്ചി നിർമ്മാണ യൂണിറ്റ് - ഫയലിൽ പൂർണ്ണ വിവരങ്ങൾ ഇല്ല |
| 1-29 | പഠനമുറി - വാല്യുവേഷൻ ലഭ്യമായില്ല |
| 1-30 | പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 1-31 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് - വിതരണം ചെയ്തില്ല |
| 1-32 | പ്രഭാത ഭക്ഷണം - എയ്ഡഡ് സ്കൂളിനും ധനസഹായം നൽകി |
| 1-33 | ബാലസഭ – മാർഗ്ഗരേഖ പാലിച്ചില്ല |
| 1-34 | കന്നുകുട്ടി പരിപാലനം - അപാകതകൾ |
| 1-35 | വിവിധ വൈദ്യുതീകരണ പ്രോജക്കുകൾ - ടെണ്ടർ ക്ഷണിച്ചില്ല |
| 1-36 | എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് - 5 എണ്ണം വിതരണം ചെയ്തില്ല |
| 1-37 | മോട്ടോർ സൈക്കിൾ വിത്ത് ഐസ് ബോക്സ് - രജിസ്ട്രേഷൻ വിവരങ്ങളില്ല |
| 1-38 | ഭവനപുനരുദ്ധാരണം - പൂർത്തിയാക്കിയിട്ടില്ല |
| 1-39 | സ്ഥലം വാങ്ങൽ - റവന്യൂ രേഖകൾ പ്രകാരം 'നിലം ' എന്ന് രേഖപ്പെടുത്തപ്പെട്ട സ്ഥലം വാങ്ങലിന് ധനസഹായം നൽകി |
| 1-40 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗവിവരമില്ല |
| 1-41 | വയബിലിറ്റ് ഗ്യാപ് ഫണ്ട് - യൂസർ ഫീ ഇനത്തിൽ പിരിവ് പുരോഗതിയില്ല |
| 1-42 | ലൈഫ് ഭവനപദ്ധതി - അവലോകനം |
| 1-43 | സുരക്ഷിതത്വം പരിശോധനയുമായി ബന്ധപ്പെട്ട ഫീസ് നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല |
| 1-44 | മരാമത്ത് പ്രവൃത്തികൾ - ഓവർഹെഡ് ചാർജിനത്തിൽ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അധികതുക അനുവദിച്ചു |
| 1-45 | വിവിധ ക്ഷേമപെൻഷനുകൾ - അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം |
| 1-46 | പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല – ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടില്ല |
| 1-47 | അഗതിരഹിത കേരളം - പ്രവർത്തനം മന്ദഗതിയിൽ |
| **ഭാഗം 2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |

| ഭാഗം 3 ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
|---|---|
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഒാഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 20.3.18-ൽ ചേർന്ന കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.02.2019ലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1106602 | 5520747 |
| വരവ് | 355712300 | 117542186 |
| ആകെ | 356818902 | 123062933 |
| ചെലവ് | 356010377 | 111264105 |
| നീക്കിയിരിപ്പ് | 808525 | 11798828 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച

വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25090614 | 25090614 | 21661525 | 3429089 | 86 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10961000 | 10961000 | 10592102 | 368898 | 97 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 189000 | 189000 | 7500 | 181500 | 4 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5561000 | 5561000 | 4328445 | 1232555 | 78 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5034000 | 5034000 | 4258303 | 775697 | 85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11752193 | 11752193 | 6649671 | 5102522 | 56 |
| തനത് ഫണ്ട് | 0 | 9674650 | | *9123398 | * | |
| ബി ഫണ്ട് | 0 | 552840 | 552840 | 552840 | 0 | |
| എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 9555555 | 601800 | 1557355 | 476244 | 1081111 | |
| സാക്ഷരത | 8196 | 218 | 8414 | 0 | 8414 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 1328256 | - | - | - | 1328256 | |
| റ്റി.എസ്.സി | 22900 | 0 | | 0 | 132856 | |
| ട്രഷറി ജോയിന്റ് വെഞ്ചർ. ബ്ളോക്ക് ഷെയർ | 0 | 5212816 | 5212816 | 2747275 | 2465541 | |
| ട്രഷറി ജോയിന്റ് വെഞ്ചർ. ജില്ലാപഞ്ചായത്ത് ഷെയർ | 737100 | 9424252 | 10161352 | 9210288 | 951064 | |

*തനത് ഫണ്ട് അക്കൗണ്ടുകളിൽ മറ്റിനം തുകകളും ഉൾപ്പെട്ടിട്ടുള്ളതിനാൽ ആയതിന്റെ മാത്രമായ നീക്കിയിരിപ്പ് നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്. | 0 | 54332629 | 54332629 | 54332629 | 0 |
| ഭരണച്ചെലവുകൾ | 799 | 1626961 | 1627760 | 1612342 | 15418 |
| ആകെ | 799 | 55959590 | 55960389 | 55944971 | 15418 |

ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 552840 | 360 |
| കർഷകതൊഴിലാളി പെൻഷൻ | 10524400 | 792 |
| വിധവാപെൻഷൻ | 10439600 | 679 |
| വാർദ്ധക്യകാലപെൻഷൻ | 25385800 | 2295 |
| വികലാംഗപെൻഷൻ | 454220 | 296 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 976400 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-3 വാർഷികപദ്ധതി

**പദ്ധതി രൂപീകരണം**

ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷികപദ്ധതിയുടെ ഭാഗമായി രൂപീകരിച്ച പഞ്ചായത്ത്തല ആസൂത്രണസമിതിയുടെ പ്രഥമയോഗം 9-1-18-ൽ ചേർന്നു. തുടർന്ന് കരട്പദ്ധതിരേഖ തയ്യാറാക്കുന്നതിലേക്കായി 1-3-18-ൽ യോഗം ചേർന്നെങ്കിലും ചർച്ചാവിഷയങ്ങളും തീരുമാനങ്ങളും മിനിറ്റ്സിൽ വ്യക്തമാക്കിയിട്ടില്ല. വിവിധ വിഷയമേഖലകൾക്കായി രൂപീകരിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ **17-2-17-**ൽ സംയുക്തമായി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി. 23-2-17-ൽ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേരുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. 2018-19 വാർഷികപദ്ധതിയുടെ തുടർന്നുള്ള വിവിധ പ്രവർത്തനഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 24-2-18 മുതൽ 28-2-18വരെ |
| വികസനസെമിനാർ | 7-3-18 |
| വ്യക്തിഗതഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗം | 10-5-18-മുതൽ 17-5-18 വരെ |
| ഊരുകൂട്ടയോഗം | 27-2-18, 26-6-18 |
| വികലാംഗ ഗ്രാമസഭ | 2-3-18 |
| മത്സ്യസഭ | 24-2-18 |
| വയോജനഗ്രാമസഭ | 30-7-18 |

മേൽപ്പറഞ്ഞ പ്രവർത്തനഘട്ടങ്ങളിലൂടെ 2018-19 ലെ കരട് പദ്ധതികൾ തയ്യാറാക്കപ്പെട്ടു. ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ

ഉൾപ്പെടുത്തി 8-3-18ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (അജണ്ട - I തീരുമാനം നം-1 ).

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 9-1-18--ൽ സംയുക്തമായി യോഗം ചേർന്നു. തുടർന്ന് അതാത് വിഷയമേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിവരം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്ടുകളുടെ ആവശ്യകത, പ്രോജക്ട് നടപ്പാക്കുന്നതിലൂടെ കൈവരിക്കാനാകുന്ന നേട്ടങ്ങൾ/പ്രോജക്ട് ലക്ഷ്യങ്ങൾ എന്നിവ സമഗ്രമായ ചർച്ചകൾക്ക് വിധേയമാക്കിയിട്ടുള്ളതായി കാണുന്നില്ല. യോഗവിവരങ്ങളുടെ മിനിറ്റ്സ് തയ്യാറാക്കി ആധികാരികമാക്കിയിട്ടുണ്ട്. ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമായിരുന്നില്ല എന്ന് കാണുന്നു. മാത്രമല്ല പദ്ധതിനിർവ്വഹണ ഘട്ടങ്ങൾ മേൽനിരീക്ഷണം നടത്തി പുരോഗതി അവലോകനം ചെയ്യുന്നതിലും പദ്ധതികളുടെ ഫലപ്രദമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല.

ഗ്രാമസഭായോഗങ്ങൾ

2018-19 വാർഷികപദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും 2 തവണ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉദ്ദേശം | ഗ്രാമസഭാ തീയതി |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 24-2-2018 28-2-18വരെ |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് | 10-5-18 മുതൽ 17-5- 18 വരെ |

വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട്പദ്ധതി പഞ്ചായത്ത് കമ്മിറ്റിയുടെ 8-3-18-ലെ യോഗ തീരുമാനപ്രകാരമുള്ള (1) ഭേദഗതിനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കുകയും പുതുക്കിയ വാർഷികപദ്ധതിക്ക് ഡി.പി.സി.യുടെ അന്തിമാംഗീകാരവും ലഭിച്ചിട്ടുണ്ട്. വിവിധ ഫണ്ടുകളിൽ നിന്നായി 201783423/-രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 174 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

**സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം**

സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയ്ക്ക് നിയമാനുസരണം ചുതലപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുകയും ജനറൽകമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാർഷികപദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പദ്ധതിനിർവ്വഹണത്തിന്റെ പ്രാഥമികഘട്ടങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണം വിലയിരുത്തുന്നതിലും തുടർമോണിറ്ററിംഗിലും നിയമാനുസൃതചുമതലകൾ നിറവേറ്റുന്നതിൽ കാര്യക്ഷമത പുലർത്തിക്കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും യോഗവിവരങ്ങളുടെ മിനിറ്റ്സ് കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

**പദ്ധതി നിർവ്വഹണം - അവലോകനം**

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 123 പ്രോജക്ടുകൾക്കുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ 58% മാത്രമാണിത്. വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 9,11,99,999/-രൂപ വാർഷികപദ്ധതിക്കായി ചെലവഴിച്ചു. വകയിരുത്തലിനെ അടിസ്ഥാനമാക്കുമ്പോൾ വാർഷിക പദ്ധതിച്ചെലവ് 45% മാത്രമാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ തൻവർഷത്തെ ചെലവുശതമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ട് | വകയിരുത്തിയ തുക | നടപ്പാക്കിയ പ്രോജക്ടുകൾ | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 2747046 | 9 | 1991234 | 72.486 |
| വെറ്ററിനറി സർജൻ | 11 | 4178000 | 11 | 2784500 | 66.6467 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 2 | 650000 | 2 | 619391 | 95.29 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 1 | 500000 | 1 | 500000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 1150995 | 3 | 993385 | 86.3 |
| വി.ഇ.ഒ./ladyവി.ഇ.ഒ. | 12 | 11466170 | 9 | 9045000 | 78.88 |
| വി.ഇ.ഒ. | 7 | 105104515 | 4 | 41704596 | 39.679 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 3361876 | 6 | 3166263 | 94.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1100000 | 2 | 1100000 | 100 |
| എച്ച്എം,ഗവ.യു.പി.എസ് | 6 | 1285000 | 2 | 775000 | 60.31 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 28418139 | 12 | 8012017 | 28.19 |
| സെക്രട്ടറി | 35 | 18042638 | 25 | 9281721 | 51.44 |
| അസിസ്റ്റന്റ് എൻജിനീയർ | 61 | 23479044 | 36 | 10926892 | 46.5% |
| | 174 | 201783423 | 123 | 91199999 | 45.19% |

**പദ്ധതി ചെലവ് 50%-ത്തിൽ താഴെ- നഷ്ടമായത് 1.11 കോടിയുടെ സർക്കാർ ധനസഹായം**

വാർഷികപദ്ധതിയുടെ തൻവർഷത്തെ ചെലവ് 45.19 ശതമാനം മാത്രമാണ്. പദ്ധതിരൂപീകരണവുമായി

ബന്ധപ്പെട്ട പ്രാഥമികപ്രവർത്തനഘട്ടങ്ങൾ സമയബന്ധിതമായി നടത്തിയിട്ടുണ്ടെങ്കിലും നിർവ്വഹണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വൈകിയതിനാലും പദ്ധതിക്കാലയളവിൽ പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ പ്രതികൂലസാഹചര്യങ്ങളും പദ്ധതിച്ചെലവ് കുറയാനിടയായ കാരണങ്ങളായി വിശദീകരിച്ചിട്ടുണ്ട്. സർക്കാർഗ്രാന്റുകളുടെ വിനിയോഗവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | സർക്കാർ അനുവദിച്ച തുക | ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 2,50,90.614 | 2,16,61,525 | 34,29089 | 86.33 |
| എസ്.സി.പി | 1,09,61,000 | 1,05,92,102 | 3,68,898 | 96.63 |
| റ്റി.എസ്.പി | 18,9000 | 7500 | 1,81,500 | 3.96 |
| സംരക്ഷണഗ്രാന്റ് -റോഡ് | 55,61,000 | 43,28,445 | 12,32,555 | 77.83 |
| സംരക്ഷണഗ്രാന്റ് -റോഡിതരം | 50,34000 | 42,58,303 | 7,75,697 | 884.59 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 1,17,52,193 | 66,49,671 | 51,02,522/- | 56.58 |
| ആകെ | | | **1,10,90,261** | |

**ചെലവ് ബിൽ പാസ്സാകാതെ നഷ്ടമായ തുക 64.14 ലക്ഷം**

**നി**ർവ്വഹണനടപടിക്രമങ്ങളിലെ കാലതാമസം മൂലം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതെ വരികയും സാമ്പത്തിക വർഷാവസാനംമാത്രം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട 40 ബില്ലുകൾ ട്രഷറിനിയന്ത്രണം മൂലം പാസ്സാകാതെ വരികയും ചെയ്തതുകാരണം വിവിധ ഫണ്ടുകളിൽനിന്നായി ആകെ 64,14,883/-രൂപയുടെ തൻവർഷത്തേക്കുള്ള അലോട്ട്മെന്റും ഗ്രാമപഞ്ചായത്തിന് നഷ്ടമായി. പ്രസ്തുത തുക പൂർണ്ണമായും അടുത്ത വർഷത്തെ വിഹിതത്തിൽനിന്നു ചെലവഴിക്കേണ്ടിവരുന്നതിനാൽ 2019-20-ലെ വാർഷിക പദ്ധതിക്കുവേണ്ടിയുള്ള വിഹിതത്തിലും ഇത്രയും തുകയുടെ കുറവുണ്ടാകുന്നുണ്ട്. സ്പിൽഓവർ പ്രോജക്ടുകൾക്കുവേണ്ടിയുള്ള വിഹിതം ലഭിക്കാത്ത നിലവിലെ സാഹചര്യത്തിൽ ഒരു വാർഷികപദ്ധതിയിൽ അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്ടുകളുടെയും ഫലപ്രദവും

സമയബന്ധിതവുമായ പൂർത്തീകരണം ഉറപ്പുവരുത്തി വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സർക്കാർ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം സാധ്യമാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. ഓരോ വർഷത്തേയും അലോട്ട്മെന്റ് തുക അതാത് വർഷം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്തത് മൂലം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെടുന്ന തുക ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമാകുന്നു. ഇത്തരം അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-4 ക്യാഷ് പരിശോധന

**ഉദയനാപുരം** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2019 തീയതിയിൽ 3.30 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ **21894/-** രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തരനിയന്ത്രണം

ധനകാര്യം, വികസനം, ഭരണപരം, പൊതുവായ മറ്റ് വിഷയങ്ങൾ എന്നിവയിൽ സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*നിയമാനുസരണം പാസ്സാക്കപ്പെട്ട ബജറ്റിലൂടെ ഗ്രാമപഞ്ചായത്ത് അതിന്റെ വരവുചെലവുകളെ പൊതുവായി മോണിട്ടർ ചെയ്യുന്നുണ്ട്.

*സ്ഥാപനത്തിന് ലിഖിതമായ അക്കൗണ്ടിംഗ് രീതികൾ നിലവിലുണ്ട്

*സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു.

*ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ എല്ലാ ധനകാര്യ ഇടപാടുകളെയും പ്രവർത്തനങ്ങളേയും ആസ്തി/ബാധ്യതകളെയും ശരിയായി പ്രതിഫലിപ്പിക്കുന്നില്ല.

*വൗച്ചറുകൾ തയ്യാറാക്കി ചെലവുനടന്ന ക്രമത്തിൽ നമ്പരിട്ട് ബയന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

*പണം സ്വീകരിക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്കും ഗ്രാമപഞ്ചായത്തിലേയും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേയും മറ്റ് ജീവനക്കാർക്കും ഫ്രണ്ട് ഓഫീസിൽക്കൂടി മാത്രമേ പഞ്ചായത്ത് ഓഫീസിനകത്ത് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽത്തന്നെ സുരക്ഷിതമായ രീതിയിൽ പണം കൈകാര്യം ചെയ്യുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നില്ല.

*പണം സ്വീകരിക്കുന്നതിന് മാനുവൽ രസീതുകൾക്ക് പുറമെ മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. ആയത് മേൽപരിശോധന നടത്തുന്നുമുണ്ട്.

*പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി -കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ടെങ്കിലും ആയതിന്റെ എൻകാഷ് മെന്റ് വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.

*ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമായി പുതുക്കുന്നില്ല.
* പഞ്ചായത്തിലെ സ്റ്റോക്ക്/സ്റ്റോറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

*കൃത്യമായ ഓഫീസ് ഉത്തരവിലൂടെ പഞ്ചായത്ത് കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും വിവിധ ജീവനക്കാർക്ക് ഇനം തിരിച്ച് ഏൽപ്പിച്ചു നൽകുകയും പ്രത്യക സാഹചര്യങ്ങളിൽ ചുമതലകൾ പുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്.

*അപേക്ഷകളിൻമേൽ അന്വേഷണറിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലെ കാലതാമസംമൂലം ക്ഷേമപെൻഷനുകളുടെ വിതരണത്തിൽ സമയക്ലിപ്തത പാലിക്കപ്പെടുന്നില്ല.

* ജീവനക്കാർ സ്ഥലംമാറ്റം ലഭിച്ച് പോകുമ്പോൾ കൈകാര്യചുമതലയുണ്ടായിരുന്ന ഫയലുകൾ ലിസ്റ്റ് ചെയ്ത് സാക്ഷ്യപ്പടുത്തി ആധികാരികമായി ചുമതലാകൈമാറ്റം നടത്തുന്നില്ല.

*വികസനപദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം മൂലം സർക്കാർ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം സാധ്യമാകുന്നില്ല.

മേൽവിഷയങ്ങളിൽ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാകുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുന്നുണ്ടെങ്കിലും 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. മാത്രമല്ല ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് മേൽ ചട്ടത്തിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.05.19 | 3/2019 | 16.08.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.7.2014 | 2007-08 മുതൽ 2011-12വരെ | LBA(HQ)II/I/8A-2637/ 17-18/196 തീയതി 28.09.2017 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 15-5-19 -ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2018-19 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 55,20,747/- രൂപയും തൻവർഷ വരവ് 11,75,42,186/- രൂപയും തൻവർഷചെലവ് 11,12,64,105/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 1,17,98,828/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 17,78,18926/-

രൂപയും ആകെ ചെലവ് 18,37,26,398/- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനമായി കണക്കാക്കിയ 2579260/- രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തന നഷ്ടം 3328212/- രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.19 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 92867718/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 90657518/- രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 2210200/- രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി പരിപാലിക്കാത്തിനാൽ കോൺട്രാക്ടേഴ്സ് ഇ.എം.ഡി., സപ്ലയേഴ്സ് ഇ.എം.ഡി., സപ്ലയേഴ്സ് എസ്.ഡി.,അദർ ഡെപ്പോസിറ്റ് ഇനങ്ങളിലുള്ള വരവുചെലവ്, നീക്കിബാക്കി തുകകൾ പരിശോധിക്കാൻ സാധിച്ചില്ല.
2. ഉദയനാപുരം എസ്.സി.ബി., ടി.എസ്.ബി. എന്നീ അക്കൗണ്ടുകളിലുള്ള കാലാവധി കഴിഞ്ഞ ചെക്കുകൾ 'liability in respect of stale cheque' എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.
3. വികലാംഗ പെൻഷൻ, തൊഴിലില്ലായ്മ വേതനം ഇനങ്ങളിലുള്ള ചെലവ് തുകകൾ സേവനയിൽ നിന്നുള്ള ചെലവ് പത്രിക, രജിസ്റ്റർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
4. ബി11-ൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല.
5. വസ്തുനികുതി സംബന്ധിച്ച് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. ബി4 ഷെഡ്യൂളിൽ ബുക്ക് ചെയ്തിരിക്കുന്ന തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8. ബി11(എ) ഷെഡ്യൂളിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ലഭ്യമായില്ല.
9. ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം കൃത്യമായി കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
10. ബി9 ൽ ബുക്ക് ചെയ്തിരിക്കുന്ന വിവിധ റിക്കവറി തുകകൾ വിശദീകരിക്കപ്പെട്ടില്ല. ആയത് ബിൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
11. ജങ്കാർ സർവ്വീസ് ലേലം ഇനത്തിൽ മുൻവർഷങ്ങളിൽ കുടിശ്ശികയുണ്ടായിരുന്ന 5,05,322/- രൂപ ആസ്തിയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം കളക്ഷനു കൊടുത്ത ചെക്കുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

30.11.2019-ൽ നടത്തിയ വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പത്രികകൾ പ്രകാരം ബാങ്കിൽ നിക്ഷേപിച്ചതും എന്നാൽ അക്കൗണ്ടിൽ ക്രെഡിറ്റ് വരാത്തതുമായ ചെക്കുകളുടെ തുക (cheque deposited but not collected) എന്ന വിശദീകരണത്തോടെ ചേർത്തിട്ടുള്ള തുകയുടെ വിവരങ്ങൾ താഴെ

കൊടുക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് | വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|---|---|
| 1 | ഉദയനാപുരം സർവ്വീസ് കോർപ്പറേറ്റീവ് ബാങ്ക് -59 | 31700268/21.12.17 | 1224000 |
| 2 | ഉദയനാപുരം സർവ്വീസ് കോർപ്പറേറ്റീവ് ബാങ്ക് -59 | 31700187/ 11.10.17 | 7902 |
| 3 | എസ്.ടി.എസ്.ബി-13 | 31700138/ 23.08.17 | 120500 |
| 4 | എസ്.ടി.എസ്.ബി-13 | 31700139/ 23.08.17 | 2000 |
| ആകെ | | | 1354402 |

പ്രസ്തുത ശീർഷകത്തിൽ വർഷങ്ങളായി ഈ തുകകൾ നിലനിൽക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം പ്രസ്തുത തുകകളുടെ ചെക്ക് നമ്പർ, തീയതി, ചെക്ക് ഏത് സ്ഥാപനത്തിൽനിന്ന് ലഭിച്ചു, എന്തിന് വേണ്ടിയുള്ള തുകകളാണ്, ചെക്ക് ബാങ്കിൽ സമർപ്പിച്ചിരുന്ന തീയതി തുടങ്ങിയ വിശദാംശങ്ങളും അടിയന്തിരമായി ലഭ്യമാക്കേണ്ടതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/06.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് കളക്ഷന വേണ്ടി ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ചെക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താതെ രണ്ടു വർഷത്തിലേറെയായി പതിമൂന്ന ലക്ഷത്തിലേറെ രൂപ ഇപ്രകാരമുള്ള വിവരണത്തോടെ നിലനിന്നിരുന്നത് നാളിതു വരെ പരിശോധിച്ചിരുന്നില്ലയെന്നത് ഗുരുതരമായ കൃത്യ വിലോപമാണ്. ഇതു സംബന്ധിച്ചുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തുക നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതുമാണ്. അനന്തര നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-9 കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവുവെയ്ക്കേണ്ടതാണെന്ന് 2011ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 30.11.2019-ൽ നടത്തിയ വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പത്രികകൾ പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ/ തീയതി | തുക (രൂപ) |
|---|---|---|
| ഉദയനാപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് -59 | 57741/28.05.19 | 2328 |

| | | |
|---|---|---|
| എസ്.ബി.ടി തനത് ഫണ്ട് | 552216/25.03.19 | 3000 |
| എസ്.ബി.ടി തനത് ഫണ്ട് | 552212/13.03.19 | 154 |

കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ പ്രസ്തുത ചെക്കുകൾ അക്കൗണ്ടിലേക്ക് തിരികെ വരവുവെയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/06.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-10 മൊബൈൽ ടവർ കമ്പനിയിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നില്ല.

സബ് ഡിവിഷണൽ എഞ്ചിനീയർ ബി.എസ്.എസ് ടി.എൽ.പി-1 ന്റെ ഉടമസ്ഥതയിലുള്ള 2/152/എ നമ്പർ മൊബൈൽ ടവറിന്റെ 2013-14 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി ഒടുക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം പ്രസ്തുത ടവറിന് 7.29 ച.മീറ്റർ വിസ്തീർണ്ണം ഉണ്ട്. ആയതിന് ചതുരശ്ര മീറ്ററിന് 500/- രൂപ നിരക്കിൽ ഈയിനത്തിൽ നാളിതു വരെ 33684/- രൂപ (4812 രൂപ പ്രതിവർഷം) ഈടാക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/03.01.2020) പ്രസ്തുത വസ്തു നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് മറുപടി നൽകി. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

### 1-11 വിമുക്തഭടനെന്ന് തെളിയിക്കുന്ന രേഖകളില്ലാതെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നു.

താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വിമുക്ത ഭടന്മാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽപ്പെടുത്തി വസ്തു നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം(ച.മീ) |
|---|---|---|---|
| 1 | 5/133 | പവനൻ | 179 |
| 2 | 7/67 | അശോക് കുമാർ | 72 |
| 3 | 6/295 | ചെറിയാൻ | 143 |

എന്നാൽ നികുതി ഇളവ് അനുവദിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷകളോടൊപ്പം കെട്ടിട ഉടമസ്ഥർ വിമുക്ത ഭടന്മാർ ആണെന്ന് തെളിയിക്കുന്ന രേഖകൾ, സ.ഉ (കൈ) നം.106/17 തസ്വഭവ തീയതി 26.05.17 പ്രകാരമുള്ള സത്യവാങ്മൂലം എന്നിവ സമർപ്പിച്ചിട്ടില്ല. മതിയായ രേഖകളില്ലാതെ പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/03.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും അനർഹമായി കെട്ടിടങ്ങൾക്ക് വിമുക്ത ഭടന്മാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽപ്പെടുത്തി വസ്തു നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് അവയ്ക്ക് ബാധകമായ നിരക്കിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതുമാണ്.

### 1-12 ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനയ്ക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടക ഈടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് മേൽ പരാമർശിത ചട്ടപ്രകാരം അവയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതാണ്.

തൻവർഷം വിവാഹചടങ്ങുകൾ നടത്തുന്നതിന് ഉപയോഗിക്കപ്പെട്ട താഴെ പറയുന്ന ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി ചുമത്തിയതായോ ഈടാക്കിയതായോ കാണുന്നില്ല.

| ക്രമ നമ്പർ | ഓഡിറ്റോറിയം |
|---|---|
| 1 | ശ്രീഭദ്ര ഓഡിറ്റോറിയം, നേരേ കടവ് |
| 2 | കുമാരപിള്ള ഓഡിറ്റോറിയം |
| 3 | ആതുരാശ്രം ഓഡിറ്റോറിയം, നാനാടം |

വിഷയം സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (03.01.2020 തീയതിയിലെ 23-ാം നമ്പർ എൻക്വയറി) പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണത്തിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളിൽ നിന്ന് വാടക ഈടാക്കി സേവനം വിട്ടുനൽകുന്ന ഓഡിറ്റോറിയങ്ങളും വിദ്യാഭ്യാസ ആവശ്യത്തിന്റെ പേരിൽ ഇളവ് നേടിയിട്ടുള്ള ഓഡിറ്റോറിയങ്ങളും കണ്ടെത്തി അവയ്ക്ക് ബാധകമായ നിരക്കിൽ വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തു നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 1 (D) പ്രകാരം വസ്തു നികുതി ഇളവ് നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 4/279 ബി | 166.4 |
| 2 | 4/279 സി | 52.76 |

| | | |
|---|---|---|
| 3 | 4/279 ഡി | 24.14 |

ചരിത്ര സ്മാരകങ്ങളുടെ വസ്തു നികുതി ഇളവ് സംബന്ധിച്ച പ്രസ്തുത നിയമവകുപ്പ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ എൻക്വയറിക്ക് (25/06.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദമായി അന്വേഷണം നടത്തേണ്ടതും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 പ്രകാരമുള്ള വസ്തു നികുതി ഇളവുകൾക്ക് പ്രസ്തുത കെട്ടിടങ്ങൾക്ക് അർഹതയില്ലയെന്ന് കണ്ടെത്തിയാൽ ഇവയുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ - ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല

100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതുമായ താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീ ൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ (നിരക്ക് 60രൂപ/ചമീ) എന്ന ഗണത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്നതിന് പകരം **100 ച.മീ വരെ** തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ (നിരക്ക് 50രൂപ/ചമീ) എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ചുമത്തി ഈടാക്കിയതുവഴി നികുതിയിനത്തിൽ കുറവു വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് (%) | 2018-19 വർഷം ഈടാക്കിയ വസ്തു നികുതി (നിരക്ക് 50രൂപ/ചമീ) ലൈബ്രറി സെസ് 5%, സർവ്വീസ് ചാർജ് 5% ഉൾപ്പെടെ | 2018-19 വർഷം ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി (നിരക്ക് 60രൂപ/ ചമീ) ലൈബ്രറി സെസ് 5%, സർവ്വീസ് ചാർജ് 5% ഉൾപ്പെടെ | കുറവ് |
|---|---|---|---|---|---|---|---|
| 1 | 8/292 എ | സി.പി. ചിത്രാംഗദൻ | 131 | 10% (ദ്വിതീയ മേഖല) | 5764 | 7781 | 2017 |
| 2 | 15/117 എ | സിജി അനസ് | 197 | 10% (ദ്വിതീയ മേഖല) | 9753 | 11701 | 1948 |
| ആകെ | | | | | | | 3965 |

പ്രസ്തുത വാണിജ്യ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി നിർണ്ണയിച്ചിരിക്കുന്നതിനാൽ 2018-19 സാമ്പത്തിക വർഷം വസ്തു നികുതി വരുമാനത്തിൽ 3965/- രൂപ കുറവുണ്ടായി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/04.01.2020) മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത കെട്ടിങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല.

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായോ അല്ലെങ്കിൽ ഭാഗികമായോ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കിയ അർദ്ധവർഷം - തുക | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1. | മാവേലി സ്റ്റോർ, ഉദയനാപുരം | 1-ാം അർദ്ധവർഷം<br>- 1250/- | 2 |
| 2. | എസ്.എൻ.എൽ.പി.എസ് | 1-ാം അർദ്ധവർഷം<br>2500/- രൂപ ഒടുക്കി. | 2 |
| 3. | ലേക്ക് മൗണ്ട് ഇന്റർ നാഷണൽ പബ്ലിക്ക് സ്കൂൾ | 2-ാം അർദ്ധവർഷം 4760/- രൂപ ഒടുക്കി | 1 |
| 4. | പോസ്റ്റ് ഓഫീസ്,വൈക്കപ്രയാർ | 1-ാം അർദ്ധവർഷം<br>1500 | 2 |
| 5. | ബി.എസ്.എൻ.എൽ | 2017-18 വർഷം 2 അർദ്ധവർഷങ്ങളിലും 1250/- രൂപ വീതം ഒടുക്കിയിട്ടുണ്ട്. | 1,2 |
| 6. | ക്ഷീരോത്പ്പാദക സഹകരണ സംഘം -കെ 84(ഡി), വല്ലകം | 2017-18 വർഷം 2 അർദ്ധവർഷങ്ങളിലും 2600/- രൂപ വീതം ഒടുക്കിയിട്ടുണ്ട്. | 1,2 |
| 7 | ക്ഷീരോത്പ്പാദക സഹകരണ സംഘം -കെ 81(ഡി) നേരേകടവ് | 1-ാം അർദ്ധവർഷം 630/- രൂപ അടച്ച | 2 |
| 8 | കയർ വ്യവസായ സഹകരണ സംഘം | 2-ാം അർദ്ധവർഷം 600/- രൂപ അടച്ച | 1 |
| 9. | സർവീസ് സഹകരണ ബാങ്ക് 1321 | 2 അർദ്ധവർഷങ്ങളിലും തുക ഒടുക്കിയിട്ടില്ല | 1,2 |

**താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സിൻഡിക്കേറ്റ് ബാങ്ക്, ഉദയനാപുരം |
| 2 | സർവീസ് സഹകരണ ബാങ്ക് 1321 |
| 3 | ബി.എസ്.എൻ.എൽ. |
| 4 | കെ.എസ്.ഇ.ബി., വല്ലകം |
| 5 | മാവേലിസ്റ്റോർ, ഉദയനാപുരം |

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പത്രിക സമർപ്പിച്ചിട്ടില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷകൾ പ്രകാരമുള്ള ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | സൗത്തേൺ പെയിന്റ്സ് | 2 |
| 2 | എട്ടുകണ്ടത്തകിൽ വുഡ് ക്രാഫ്റ്റ്സ് | 2 |
| 3 | ഫോർസ്ക്വയർ ബ്രിക്സ് & ബ്ലോക്സ് | 5 |
| 4 | ജയന്തി കുമാരി ഐസ് പ്ലാന്റ് | 4 |
| 5 | കെ.കെ.ബി ഐസ് പ്ലാന്റ് | 6 |
| 6 | ലക്ഷ്മി ട്രേഡിംഗ് കമ്പനി | 10 |
| 7 | തീർത്ഥം &ഭദ്രദീപം ന്യൂട്രമിക്സ് യൂണിറ്റ്, ഉദയനാപുരം | 5 |
| 8 | വീ ഹെൽത്ത് & പ്രോഗ്രസ് | 8 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/ 06.01.2021) മറുപടി ലഭിച്ചിട്ടില്ല. മേൽ പട്ടികകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ടി തുകകൾ സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-16 വാടക ഈടാക്കിയിട്ടില്ല

സ്ഥാപനത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 16/455-എ നമ്പർ കെട്ടിടത്തിന്റെ കുത്തകക്കാരനായ ശ്രീ.പുഷ്കരൻ നാഗംപൂഴിക്കാട് എന്ന വ്യക്തി 2018 സെപ്റ്റംബർ മാസം മുതലുള്ള വാടക (3675 രൂപ/മാസം) ഒടുക്കിയിട്ടില്ലയെന്ന് കാണുന്നു. ആയതിനാൽ 2018-19 സാമ്പത്തിക വർഷം വാടകയിനത്തിൽ 25725 രൂപ കുടിശികയായി അവശേഷിക്കുന്നു (3675*7=25725). പ്രസ്തുത തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഉയർന്ന തുകയ്ക്ക് ലേലം കൊണ്ടിട്ടും കരാർ ചമയ്ക്കാൻ വിസമ്മതിച്ച് ലേലത്തിൽ നിന്ന് പിൻമാറിയ വ്യക്തിയിൽ നിന്ന് ലേല വ്യവസ്ഥ പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ലേല രജിസ്റ്റർ പ്രകാരം നാനാടം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 3/535 നമ്പർ മുറിയുടെ ലേലം 27/04/18 തീയതി നടത്തുകയും കൂടിയ തുക വിളിച്ച് ലേലം കൊണ്ട ( 4050 രൂപ) സജീവൻ കളത്തിൽ എന്ന വ്യക്തിക്ക് 09/05/18 ലെ കമ്മറ്റി 2(1) നമ്പർ തീരുമാന പ്രകാരം ലേലം ഉറപ്പിച്ച് നൽകുകയും ചെയ്തു. എന്നാൽ 2018-19 വാടക രജിസ്റ്ററിൽ പ്രസ്തുത മുറി സംബന്ധിച്ച് കെട്ടിട നമ്പർ, കുത്തകക്കാരൻ, വാടക, വാടക അടവാക്കിയതിന്റെ വിശദാംശങ്ങൾ തുടങ്ങി യാതൊരു രേഖപ്പെടുത്തലുകളുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/03.01.2020) ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിച്ച് നൽകിയിരുന്നെങ്കിലും അതിനുശേഷം മുറിയുടെ ശോച്യാവസ്ഥ മനസ്സിലാക്കിയ ടിയാൻ പഞ്ചായത്തുമായി കരാർ ചമയ്ക്കുന്നതിനും മുറി ഉപയോഗിക്കുന്നതിനും വിസ്സമ്മതിച്ചുവെന്നും പ്രസ്തുത മുറിയിൽ കുടുംബശ്രീ പ്രവർത്തകർ ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനാൽ പുനർലേലം നടത്താൻ സാധിച്ചില്ലയെന്നും മറുപടി നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ കൂടാതെയാണ് മുറിയുടെ

കുത്തകാവകാശം ലേലത്തിലൂടെ ഉറപ്പിച്ച് നൽകിയതെങ്കിൽ ആയത് അധികൃതരുടെ വീഴ്ചയാണ്. ലേല വ്യവസ്ഥ 10 പ്രകാരം ഏറ്റവും ഉയർന്ന തുകക്ക് ലേലം കൈക്കൊണ്ട് കരാറിലേർപ്പെടുന്ന വ്യക്തി കരാർ കാലാവധിക്ക് മുമ്പ് മുറി ഒഴിവാകുന്ന പക്ഷം പുനർ ലേല തീയതി വരെയുള്ള വാടകയടക്കാൻ ബാധ്യസ്ഥനാണ്. കരാർ ചമക്കാൻ വിസ്സമ്മതിച്ച ശ്രീ സജീവൻ കളത്തിലിനെ ഒഴിവാക്കി മുറി പുനർ ലേലം ചെയ്യാതിരുന്നതും പുനർ ലേല തീയതി വരെയുള്ള വാടക ടിയാനിൽ നിന്ന് ഈടാക്കാതിരുന്നതും പ്രസ്തുത ലേല വ്യവസ്ഥയ്ക്ക് എതിരാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-18 ഇ-ടെൻഡർ -ടെൻഡർഫീസിനത്തിലുള്ള 69,776/-രൂപ പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല.

തൻവർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ വേലകളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽനിന്നും പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് | എസ്റ്റിമേറ്റ് തുക | ടെൻഡർഫീസ് ജി.എസ്.റ്റി | ലഭിച്ച ടെൻഡറുകൾ | ആകെ തുക |
|---|---|---|---|---|---|
| 1 | SO24/19 റീ ടാറിംഗ് ഒഎൻ എച്ച് റോഡ് | 116955 | 560 | 2 | 1120 |
| 2 | SO165/19 റീ ടാറിംഗ് കൈരളി റോഡ് ടാറിംഗ് (രണ്ടാം ഘട്ടം) | 109844 | 560 | 2 | 1120 |
| 3 | SO99/19 വയോജനമന്ദിരത്തിന്റെ പൂർത്തീകരണം | 497155 | 1120 | 2 | 2240 |
| 4 | SO18/19ഇത്തിപ്പുഴ എസ് എൻ ഡി പി ആറ്റുമാലി റോഡ് ടാറിംഗ് | 693792 | 1568 | 3 | 4704 |
| 5 | SO19/19 പട്ടറയ്ക്കൽ കിഴംതറ റോഡ് ഫില്ലിംഗ് | 519322 | 1232 | 2 | 2464 |
| 6 | SO22/19 എസ്.എൻ.ഡിപി കടമ്പ്ര റോഡ് ടാറിംഗ് | 484749 | 1120 | 2 | 2240 |
| 7 | SO26/19 ചട്ടമ്പിക്കവല ചാളകം റോഡ് റീ ടാറിംഗ് | 69392015 | 1568 | 2 | 3136 |
| 8 | SO/27/19 തിരുവേലിക്കുന്ന് വെട്ടംവേലി റോഡ് റീടാറിംഗ് | 569679 | 1344 | 1 | 1344 |
| 9 | SO28/19 മഴവഞ്ചേരി കളപ്പുരത്തട്ട് | 693123 | 1568 | 1 | 1568 |

| | | | | | |
|---|---|---|---|---|---|
| | റോഡ് ടാറിംഗ് | | | | |
| 10 | SO/29/19 തിരുവേലിക്കുന്ന് വട്ടത്തറ പൊയ്യാനി റോഡ് ടാറിംഗ് | 693858 | 1568 | 3 | 4704 |
| 11 | SO30/19 മറ്റം തത്തംകേരി റോഡ് റീ ടാറിംഗ് | 543801 | 1232 | 1 | 1232 |
| 12 | SO31/19 വെട്ടംവേലി കിളിയാറ്റു നട റോഡ് ടാറിംഗ് | 693963 | 1568 | 2 | 3136 |
| 13 | SO/46/19 കൈരളി റോഡ് റീ ടാറിംഗ് | 573374 | 1344 | 2 | 2688 |
| 14 | SO/47/19 പിതൃകുന്നം നേരേകടവ് കൈലേപ്പള്ളി റോഡ് റീടാറിംഗ് | 1039998 | 2800 | 3 | 8400 |
| 15 | SO/57/19 മടവനതറ മണിപ്പാടം റോഡ് ടാറിംഗ് | 369909 | 896 | 2 | 1792 |
| 16 | SO16/19 ഏനം തുരുത്ത് ചാളകം റോഡ് ഫില്ലിംഗ് | 172920 | 560 | 1 | 560 |
| 17 | SO/51/19 വിജാഗിരി ഫാക്ടറി ശ്രീ നാരായണപുരം റോഡ് ടാറിംഗ് | 384915 | 896 | 1 | 896 |
| 18 | SO98/19 വരികയിൽ റോഡ് ടാറിംഗ് | 408988 | 1008 | 1 | 1008 |
| 19 | SO164/19 തിരുവേലിക്കുന്ന് വെട്ടംലേലി റോഡിൽ കലുങ്ക്, അപ്രോച്ച് റോഡ് ഫില്ലിംഗ് | 290370 | 672 | 1 | 672 |
| 20 | SO21/19 വള്ളോക്കട കലുങ്ക് അപ്രോച്ച് റോഡ് ടാറിംഗ് | 368993 | 896 | 1 | 896 |

| | | | | | |
|---|---|---|---|---|---|
| 21 | SO32/19 കലശക്കരി റോഡ് ഫില്ലിംഗ് | 693896 | 1568 | 1 | 1568 |
| 22 | SO44/19 പോത്താറ റോഡ് ടാറിംഗ് | 322205 | 784 | 2 | 1568 |
| 23 | SO/43/19പട്ടാളശ്ശേരി ഓണാട്ടുതറ റോഡ് ടാറിംഗ് | 235950 | 560 | 1 | 560 |
| 24 | SO59/19സബ് സെന്റർ മെയിന്റനൻസ് | 472425 | 1120 | 2 | 2240 |
| 25 | S0-68/19ഗവ.ഹോമിയോ ആശുപത്രിയിൽ സ്റ്റോർമുറി നിർമ്മാണം | 399977 | 896 | 2 | 1792 |
| 26 | SO/45/19ആലിൻചുവട് മോഴവള്ളി റോഡ് ഫില്ലിംഗ് | 308807 | 784 | 1 | 784 |
| 27 | SO/65/19 വിവിധ ഗവൺമെന്റ് സ്കൂളുകളുടെ മെയിന്റനൻസ് | 1359551 | 2800 | 2 | 5600 |
| 28 | SO172/19അക്കരപ്പാടം സ്കൂളിന്റെ ഓട നിർമ്മാണം | 670566 | 1568 | 2 | 3136 |
| 29 | SO177/19 പടിഞ്ഞാറെക്കര ഗവ.എൽ.പി.സ്കൂളിൽ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം | 759621 | 1792 | 2 | 3584 |
| 30 | SO77/19 വിവിധ അങ്കണ വാടികളുടെ മെയിന്റനൻസ് | 799920 | 1792 | 2 | 3584 |
| | ആകെ | | | | 69,776/- |

മേൽതുക എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക്

തിരികെ ലഭ്യമാകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-19 ലൈസൻസ് -പുതുക്കിയ ചട്ടം പ്രകാരമുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പുകൾ പ്രകാരം 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടങ്ങൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുമുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് അനുവദിക്കൽ ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് ഓഡിറ്റിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.
2. പുതുക്കിയ ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും 2018-19 സാമ്പത്തിക വർഷം വിറ്റുവരവിന് ആനുപാതികമായാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. അപേക്ഷാ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/06.01.2020) മറുപടി ലഭിച്ചിട്ടില്ല. സർക്കാർ ചട്ടങ്ങൾക്കനുസൃതമായി ബൈലോ തയ്യാറാക്കി ഭരണസമിതി അംഗീകാരം നേടിയിട്ടില്ല. 01.11.2017ൽ പ്രാബല്യത്തിൽ വന്ന ചട്ടം 2018-19 സാമ്പത്തിക വർഷവും നടപ്പാക്കിയിട്ടില്ല. ഇത് ക്രമപ്രകാരമല്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ലൈസൻസ് അപേക്ഷകളിന്മേൽ തീർപ്പ്കൽപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എല്ലാ അപേക്ഷകളിന്മേലും സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി ഒപ്പ് വച്ച് അധികൃതമാക്കുകയും ചെയ്യേണ്ടതാണ്.

### 1-20 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട 2018-19 വർഷത്തെ രജിസ്റ്റർ പ്രകാരം 238 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 285 സ്ഥാപനങ്ങളുടെ വിവരം ചേർത്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ എണ്ണം 750 ഉം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ

എണ്ണം 32 ഉം ഇതരവ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം 12 ഉം ആണ്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ലയെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ലൈസൻസ് നൽകിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടെയും അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപങ്ങളെല്ലാം ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മരാമത്തുവേലകളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല.

തൻവർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട അക്കരപ്പാടം സ്കൂളിൽ ഓടനിർമ്മാണം എന്ന പ്രോജക്ടിന്റെ നിർവ്വഹണഘട്ടത്തിൽ പ്രവൃത്തിസ്ഥലത്തുനിന്നും 81.20m3 അളവിൽ മണ്ണ് കുഴിച്ചെടുത്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രവൃത്തിസ്ഥലത്ത് ഉപയോഗിച്ചതിനുശേഷം മിച്ചം വന്ന 52.78ഘനമീറ്റർ അളവിലുള്ള ഉപയോഗയോഗ്യമായ മണ്ണ് വർക്ക്സൈറ്റിൽ സൂക്ഷിച്ചിട്ടുള്ളതായി അളവുപുസ്തകത്തിലും ബന്ധപ്പെട്ട ഫയലിലും വ്യക്തമാക്കിയിട്ടുമുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യം വ്യത്യസ്തനിരക്കിൽ നിർണ്ണയിച്ചുകൊണ്ട് ഒരേ തീയതിയിൽ തയ്യാറാക്കിയ രണ്ട് സർവ്വേറിപ്പോർട്ടുകളും മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുകൊണ്ടുള്ള കത്തുകളുടെ പകർപ്പും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സർവ്വേ റിപ്പോർട്ടുകളിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ലേലം ചെയ്യാനുള്ള മണ്ണിന്റെ അളവ് | നിരക്ക് | ആകെമൂല്യം |
|---|---|---|---|
| S0172/18-19<br>അക്കരപ്പാടം സ്കൂളിൽ ഓടനിർമ്മാണം | 52.78 m3 | 220.28/m3 | 11627/- |
| ,, | ,, | 159.71/m3 | 8429/- |

മേൽസൂചിപ്പിച്ച തരത്തിൽ വ്യത്യസ്തനിരക്കിൽ രണ്ട് സർവ്വേറിപ്പോർട്ടുകൾ തയ്യാറാക്കിയതിന്റെ സാഹചര്യം വ്യക്തമാക്കുവാനും മണ്ണ് ലേലം ചെയ്തിട്ടുള്ളപക്ഷം ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും ലേലനടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുവാനും രേഖാമൂലം ആവശ്യപ്പെട്ടിരുന്നതിന് മറുപടി ലഭ്യമാക്കിയതിൽ ആദ്യ വാല്യുവേഷനിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്താൻ വിട്ടുപോയതിനാലാണ് രണ്ടാമത് വാല്യുവേഷൻ എടുത്തതെന്നും മണ്ണ് ലേലം ചെയ്യുന്നത് സംബന്ധിച്ച് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ മണ്ണ് സ്കൂൾപരിസരത്ത് കിടക്കുന്നതായി കണ്ടു. മണ്ണ് ലേലം ചെയ്ത് പഞ്ചായത്ത്ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-22 വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ നിരാക്ഷേപ ഉടമസ്ഥതയിലായിട്ടില്ല

ഗ്രാമപഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്കായി സ്വകാര്യവ്യക്തികൾ വിട്ടുനൽകിയ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിനും ആസ്തിരജിസ്ററർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും അസിസ്റ്റന്റ് എൻജിനീയറേയും ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും ആയത് നടപ്പായിട്ടില്ല. ഇപ്രകാരം വിട്ടുകിട്ടിയ ഭൂമിയുടെയും കമ്മിറ്റി തീരുമാനത്തിന്റേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ആസ്തിയുടെ വിവരം | തീരുമാനം |
|---|---|---|

| | | |
|---|---|---|
| 1 | 9-ാം വാർഡിൽ കലശ്ശക്കരി റോഡിന് സ്വകാര്യ വ്യക്തികൾ വിട്ടുനൽകിയ ഭൂമി | 16-11-18-ലെ അജണ്ട - 10 തീരുമാനം -1 |
| 2 | 9-ാം വാർഡിലെ ഇടവേലിച്ചിറ റോഡിനുവേണ്ടി സമീപവാസികളായ 6പേർ വിട്ടുനൽകിയ സ്ഥലം | 8-3-19-ലെ അജണ്ട – 4 തീരുമാനം- 7 |
| 3 | 11-ാം വാർഡിലെ ബ്ലോക്ക് ചാലകം റോഡിനുവേണ്ടി സമീപവാസികളായ 10 പേർ വിട്ടുനൽകിയ സ്ഥലം | 8-3-19-ലെ അജണ്ട – 4 തീരുമാനം- 8 |
| 4 | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 14-11-18-ലെ യോഗതീരുമാനപ്രകാരം 16-17-വരെയുള്ള എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ പുതുക്കുന്നത് സംബന്ധിച്ച് എ.ഇ-യ്ക്ക് കത്ത് നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി | 26-12-18-ലെ അജണ്ട – 7 തീരുമാനം- 6 |

മേൽ തീരുമാനങ്ങളുമായി ബന്ധപ്പെട്ട തുടർനടപടികളുടെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നതിന് (എൻക്വയറി നം.4/1-1-2020) ലഭ്യമാക്കിയ വിശദീകരണക്കുറിപ്പിൽ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള വസ്തുക്കൾ ഉടമസ്ഥതയിലാക്കുന്നതിനായി പാലാ ആർഡിഒ-യ്ക്ക് കത്ത് നൽകിയിട്ടുള്ളതായും ക്രമനം.4 പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസ്തിരജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ച് എ.ഇ-യ്ക്ക് കത്ത് നൽകിയിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പ്രകാരം സ്വീകരിച്ച നടപടികളുടെ രേഖകൾ ലഭ്യമാക്കിയില്ല. മാത്രമല്ല ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്നും കണ്ടു. ആയതിനാൽ കമമിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുകിട്ടിയ ഭൂമി റവന്യൂരേഖകൾപ്രകാരം ഉടമസ്ഥതയിലാക്കി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. മേൽവിവരങ്ങൾ തുടർനിരീക്ഷണത്തിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ - അപാകതകൾ

2018-19 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) വൗച്ചർ നം 21800155/ 02.06.2018 പ്രകാരം 3220/- രൂപ ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി അലമാരകൾ മുകളിലെ നിലയിലേയ്ക്ക് മാറ്റുന്നതിനുള്ള കൂലി നല്കിയിട്ടുണ്ട്. മസ്റ്ററോൾ പരിശോധിച്ചതിൽ 6 മനുഷ്യ ദിനങ്ങൾക്ക് 460 രൂപ പ്രകാരം ആകെ 2760/- രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ , 3220/- രൂപ നല്കിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/ 06.06.2020) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, ടി ഇനത്തിൽ അധികം നല്കിയ തുക ( 460 രൂപ ) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(2) വൗച്ചർ നം. 218012405/ 31.03.2019, 218012406/31.03.2019 എന്നിവ പ്രകാരം റ്റി.എ ഇനത്തിൽ സെക്രട്ടറി , ജീവനക്കാർ എന്നിവർക്ക് തുക നല്കിയിട്ടുണ്ട്. ഇവ പരിശോധിച്ചതിൽ, സെക്രട്ടറിയായിരുന്ന ശ്രീ. അബ്ദുൾ ജാവേദ് ബാലരാമപുരം ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് 17.05.17, 19.05.17എന്നീ തീയതികളിൽ 1100/- രൂപ വീതം നല്കിയിട്ടുണ്ട്. എന്നാൽ വൗച്ചറിനൊപ്പം അറ്റന്റൻസ് സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. കൂടാതെ, ടിയാൻ 17.08.2017-ൽ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ തപാൽ നൽകുന്നതിനായി പോയതിന് 1100/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ, ബില്ലിൽ ടി യാത്ര അടിയന്തിരമല്ലെന്നും തപാൽ മെയിൽ ചെയ്താൽ മതിയെന്നും ബിൽ അംഗീകരിച്ച സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം രേഖപ്പെടുത്തലുകൾ നിലനിൽക്കേ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/ 06.06.2020) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, രേഖകൾ ഇല്ലാതെയുള്ള യാത്രകൾക്കും അനിവാര്യമല്ലാത്ത യാത്രയ്ക്കും യാത്രാബത്ത അനുവദിച്ചത് ക്രമപ്രകാരമല്ല.

(3) ശ്രീ രാജേന്ദ്രൻ സി., അസിസ്റ്റന്റ് സെക്രട്ടറി സ്ഥലംമാറ്റം സംബന്ധിച്ച അപ്പീൽ നല്കുന്നതിന് ഡി.ഡി.പി ഓഫീസിൽ പോയതിന് 320/- രൂപ യാത്രപ്പടി നല്കിയിട്ടുണ്ട്. വ്യക്തിപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി യാത്ര നടത്തിയ ദിവസം ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തിയിട്ടില്ലെങ്കിൽ അർഹതപ്പെട്ട അവധിയായി പരിഗണിക്കേണ്ടതും അനർഹമായി നൽകിയ യാത്രപ്പടി തിരികെ ഈടാക്കേണ്ടതുമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/06.06.2020) മറുപടി ലഭിച്ചിട്ടില്ല. വ്യക്തിപരമായ ആവശ്യങ്ങൾക്ക് നടത്തുന്ന യാത്രകൾക്ക് യാത്രപ്പടി അനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-24 റോഡ് പ്രവൃത്തികൾ - പാർട്ട്ബിൽ കൈപ്പറ്റിയതിനുശേഷം കരാറുകാർ തുടർപ്രവൃത്തികൾ ഏകപക്ഷീയമായി ഉപേക്ഷിച്ചത് - നഷ്ടപരിഹാരം ഈടാക്കിയില്ല

2017-18 വർഷം ധനകാര്യകമ്മീഷൻഗ്രാന്റ് വകയിരുത്തി ആവിഷ്ക്കരിച്ചിരുന്നതും ഓഡിറ്റ് വർഷം സ്പിൽ ഓവറായി അംഗീകാരം കിട്ടിയിരുന്നതുമായ റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന കരാറുകാരൻ കരാർവച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള ഭാഗികമായ ഇനങ്ങൾ നടപ്പാക്കുകയുണ്ടായി. നടപ്പാക്കിയ പ്രവൃത്തിയുടെ മൂല്യം നിർണ്ണയിച്ച് പാർട്ട്ബിൽ ആയി കരാറുകാരന് തുക അനുവദിക്കുകയും ചെയ്തു. മണ്ണ്ഫില്ലിംഗ്, മടമക്ക് നിറയ്ക്കൽ, നടപ്പാലം നിർമ്മാണം തുടങ്ങിയ ഇനങ്ങൾ എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നുവെങ്കിലും മണ്ണ്ഫില്ലിംഗ് മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | അടങ്കൽ തുക | കരാറുകാരൻ | കരാർ തീയതി | പാർട്ട്ബിൽ പ്രകാരം അനുവദിച്ച തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 149/18-19<br>നാഗംപൂഴിക്കാട് തുരുത്തേൽറോഡ് ഫില്ലിംഗ് | 500000/- | റെജോമാത്യു | 8-11-17 | 288593/- | 48/5-4-19 |
| 156/18-19<br>വാടാച്ചിറ -പുളിന്തറ റോഡ് | 200000/- | „ | 8-11-17 | 137711- | 37/5-4-19 |

എസ്റ്റിമേറ്റ് പ്രകാരമുള്ള ഭാഗികമായ പ്രവൃത്തി ഇനങ്ങൾമാത്രം നടപ്പാക്കിയതിനുശേഷം കരാറുകാരൻ പ്രവൃത്തികൾ തുടർന്ന് നടത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടതു പ്രകാരം (എൻക്വയറി നമ്പർ-36/7-1-2020) പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാങ്കേതിക തടസ്സങ്ങളൊന്നുമില്ലെന്നും തുടർപ്രവൃത്തികൾ നടത്താതിരുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നിരവധി തവണ വാക്കാലും പിന്നീട് രേഖാമൂലവും കരാറുകാരന് അറിയിപ്പ് നൽകിയെങ്കിലും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ കരാറുകാരനെതിരെ

നിയമനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തുകമ്മിറ്റിക്ക് കത്ത് നൽകുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

മേൽസാഹചര്യത്തിൽ കരാറുകാരൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തപക്ഷം ടിയാന്റെ സെക്യൂരിറ്റി നിക്ഷേപമിനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് വസൂലാക്കേണ്ടതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റുവിധത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ കരാർ ലംഘനത്തിന് ടിയാനെതിരെ നിയമനടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ഇടപെടലുണ്ടാകേണ്ടതാണ്.

## 1-25 അങ്കണവാടികൾക്ക് പോഷകാഹാരവിതരണം - രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

പ്രോജക്ട് നം.- എസ്.0041/19

അടങ്കൽ തുക- 2092076

ചെലവ് തുക -1967449

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടികൾക്ക് പോഷകാഹാരവിതരണം എന്ന പ്രോജക്ടിനായി കെ.എസ്.സി.സി. ലിമിറ്റഡ് ത്രിവേണി സൂപ്പർമാർക്കറ്റ്, ഏറ്റുമാനൂരിന്റെ 20.09.2018 ലെ ഇൻവോയ്സ് നം. 232/5/9610 പ്രകാരം 5 കി.ഗ്രാം നിലക്കടല വാങ്ങിയതിന് 550/- രൂപ നല്കിയിട്ടുണ്ട് . എന്നാൽ, ടി സാധനം സ്റ്റോക്ക് ബുക്ക് പ്രകാരം വരവില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/ 06.06.2020) മറുപടിയിൽ കൺസ്യൂമർഫെഡിൽ നിന്നും സാധനം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി സൂചിപ്പിച്ചിരിക്കും പ്രകാരം സാധനം അങ്കണവാടികളിൽ വിതരണം ചെയ്തതിന്റെ രേഖ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ അധികം നല്കിയ തുക ട്രഷറിയിൽ ഒടുക്കിയതിന്റെ രേഖ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

അങ്കണവാടികളിലേയ്ക്ക് സാധനം ഇറക്കി നല്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുകയായ കിലോഗ്രാമിന് 2.25 രൂപ ക്വാട്ട് ചെയ്ത ശ്രീ. അനിൽ കുമാർ എ.വി., അരിതാരത്ത് എന്നയാൾക്ക് 21.06.2018 ലെ കമ്മറ്റി തീരുമാനം നം. 4(1) പ്രകാരം അനുവാദം നല്കി. എന്നാൽ, ഫയൽ പരിശോധിച്ചതിൽ, ആകെ 8280.375 കി.ഗ്രാം സാധനങ്ങൾ ഇറക്കിയതിന് ടിയാന് 18630/- രൂപ നല്കുന്നതിന് പകരം 2.40 രൂപ നിരക്കിൽ 19873/- രൂപ നല്കി. അധികം നല്കിയ 1243/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ടാർവീപ്പകളുടെ വിലയിനത്തിൽ ഈടാക്കിയ തുക നിശ്ചിതശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള ടാറിംഗ് പ്രവൃത്തികൾക്ക് മെയിന്റനൻസ്ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിങ്ങനെ വിവിധ സർക്കാർ ഗ്രാന്റുകളാണ് വിനിയോഗിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12-4-06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. 2018-19ലെ വാർഷികധനകാര്യപത്രിക പ്രകാരം ടാർവീപ്പകളുടെ വിലയിനത്തിൽ തൻവർഷം 61,513/- രൂപ (ജി.എസ്. റ്റി ഉൾപ്പെടെ) തനതുഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

മേൽവിഷയം ശ്രദ്ധയിൽപ്പെടുത്തി രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ - 11/3-1-2020) തുക നിശ്ചിത ശീർഷകത്തിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. കരാറുകാരന്റെ ബില്ലിൽനിന്നും ഈടാക്കിയ ബാരൽവിലയിനത്തിലുള്ള തുകയും ആയതിന്റെ ജി.എസ്.റ്റി.യും നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-27 മാർഗ്ഗ രേഖയിലില്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | 54/19, എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| അടങ്കൽ | 169660(വികസനഫണ്ട്) |
| ചെലവ് | 169660 (വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി | 20/18-19,28.2.19-99800<br>23/18-19,12.3.19-69860 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

എസ്.സി. വിഭാഗത്തിൽപ്പെട്ട 34 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക് തലയാഴം എന്ന സ്ഥാപനമാണ് സൈക്കിളുകൾ വിതരണം ചെയ്തത്. 14 ആൺകുട്ടികൾക്കും 20 പെൺകുട്ടികൾക്കും (4990 രൂപ നിരക്കിൽ) സൈക്കിൾ വിതരണം ചെയ്യുകയായിരുന്നു ലക്ഷ്യം( ഇൻവോയ്സ് നമ്പർ 136/26.2.19).

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ.(എം.എസ്) 22/18 നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ സൈക്കിളുകൾ വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. മേൽ സൂചിത ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സബിസിഡി നൽകണമെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്.

അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2 ) മാർഗ്ഗരേഖയെപ്പറ്റിയുള്ള അറിവില്ലായ്മ മൂലമാണ് അപാകതയുണ്ടായതെന്നാണ് മറുപടി ലഭ്യമായത്. ഡി.പി.സി ലെവലിലും വെറ്റിംഗ് ഓഫീസറും അംഗീകരിച്ചതിനാലാണ് പ്രോജക്ട് നിർവ്വഹിച്ചതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത വിശദീകരണം അംഗീകരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ വെറ്റിങ്ങ് ഓഫീസറും വീഴ്ച വരുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിലില്ലാത്ത പ്രോജക്ടിനായി നിർവ്വഹിച്ച 169660/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 തുണിസഞ്ചി നിർമ്മാണ യൂണിറ്റ് - ഫയലിൽ.പൂർണ്ണ വിവരങ്ങൾ ഇല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | 60/19, മുണ്ട്കാട് വർക്ക് ഷെഡിൽ തുണിസഞ്ചി നിർമ്മാണ യൂണിറ്റ് |
| അടങ്കൽ | 450000 (വികസനഫണ്ട്) |
| ചെലവ് | 17950 (വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി | 44/18-19,21.3.19 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

മുണ്ട്കാട് വർക്ക് ഷെഡിൽ തുണിസഞ്ചി നിർമ്മാണ യൂണിറ്റിന് അസംസ്കൃത വസ്തു എന്ന നിലയിൽ 327.50 കി.ഗ്രാം കോറത്തുണി നാഷണൽ ടെക്സ്റ്റൈൽസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് വാങ്ങിയ പർച്ചേസ് ബില്ല് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടി പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല.

- ഏത് ഗ്രൂപ്പിനാണ് കോറത്തുണി വാങ്ങി നൽകിയത്/ഗ്രൂപ്പിലെ അംഗങ്ങൾ ആരെല്ലാം/തുടങ്ങിയ വിവരം
- ഗ്രൂപ്പിന് ഗ്രേഡിംഗ് നടത്തിയ രേഖകൾ.
- യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്.
- ഗ്രൂപ്പിന് ബാങ്ക് ലോൺ കിട്ടിയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, പാസ്സ് ബുക്കിന്റെ പകർപ്പ്.

  പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ 31.12.2019ലെ 2-ാം നമ്പർ എൻക്വയറിക്ക് പൂർണ്ണമായ മറുപടി രേഖാമൂലം ലഭിച്ചില്ല.

- 450000 രൂപ അടങ്കലുള്ള മേൽ പ്രോജക്ടിന് വേണ്ടി 17950/- രൂപ മാത്രമാണ് ചെലവഴിച്ചത്. ആയതിനാൽ പ്രോജക്ടിന്റെ എല്ലാ ഘടകങ്ങളും നിർവ്വഹിക്കപ്പെട്ടില്ല എന്ന് വ്യക്തമാണ്.

  എന്നാൽ മേൽ സൂചിത അപാകതകൾക്ക് തെരഞ്ഞെടുത്ത എസ്.സി ഗ്രൂപ്പിന് രജിസ്ട്രേഷൻ ലഭിച്ചിട്ടില്ലെന്ന മറുപടി മാത്രമാണ് ലഭ്യമായത്. അപാകതകൾ പരിഹരിക്കേണ്ടതും പ്രോജക്ട് പ്രവർത്തനക്ഷമമായതിനുശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 17950/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 പഠനമുറി-വാല്യുവേഷൻ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | 134/19, പഠനമുറി |
| അടങ്കൽ | 100000(വികസനഫണ്ട്) |
| ചെലവ് | 100000(വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി | 1/18-19,8.6.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2017-18 വർഷത്തിൽ മുൻകൂറായി 50000 രൂപ വാങ്ങിയ 2 ഗുണഭോക്താക്കൾക്ക് ബാക്കി തുക നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ബാബു കുറിച്ചിയിൽ, രമേശൻ അമ്പലം എന്നീ ഗുണഭോക്താക്കൾക്ക് തൻവർഷം ബാക്കി 50000 രൂപ വീതം നൽകി. ആയതിൽ ബാബു കുറിച്ചിയിൽ എന്ന ഗുണഭോക്താവിന് പഠനമുറി പൂർത്തിയായതിന്റെ വാല്യുവേഷൻ ഇല്ലാതെയാണ് സബ്സിഡി അനുവദിച്ചത്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/31.12.19) ടിയാരി പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണെന്ന് മറുപടി ലഭ്യമായി. പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. അതിലേക്കായി 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 പഠനമുറി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

2017-18 ൽ പഠനമുറിക്ക് മുൻകൂർ കൈപ്പറ്റിയ ശ്രീമതി ഓമന, കിഴക്കേ നാനാടത്ത് ചിറ എന്ന ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 12% പലിശ സഹിതം ടിയാരിയിൽ

നിന്ന് തുക ഈടാക്കാൻ അസി.സെക്രട്ടറി കത്ത് നൽകിയിരുന്നു (കത്ത് നമ്പർ എ.എസ് 8230/17 തീയതി 5.7.18). തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/31.12.19) മറുപടി ലഭ്യമായില്ല. ഗുണഭോക്താവ് സബ്സിഡി തുക നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ലെങ്കിൽ പലിശസഹിതം തുക ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

## 1-31 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - വിതരണം ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 79/19 |
| അടങ്കൽ | 75000(വികസനഫണ്ട്) |
| ചെലവ് | 75000(വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി | 3/18-19,21.3.19 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള രജിസ്റ്റർ ചെയ്ത യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. കുറഞ്ഞ ടെണ്ടർ നിരക്ക് സമർപ്പിച്ച ഡ്രീം ഇന്ത്യ സ്കൂൾ എയ്ഡ് , കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽനിന്ന് 18 എണ്ണം വീതം കാരംബോർഡ്, വോളിബോൾ, വോളിബോൾ നെറ്റ്, ഫുട്ബോൾ, ഷട്ടിൽ നെറ്റ്, ഷട്ടിൽ റാക്കറ്റ് & കോർക്ക് എന്നിവ വാങ്ങിയിട്ടുണ്ട്. 7 ക്ളബുകൾക്കായി 7 വീതം കാരംബോർഡ്, വോളിബോൾ, വോളിബോൾ നെറ്റ്, ഷട്ടിൽ നെറ്റ് എന്നിവയും 10 ഫുട്ബോളും 14 റാക്കറ്റും വിതരണം ചെയ്തു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന സ്പോർട്സ് ഉപകരണങ്ങളും അതിനായി ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| കാരംബോർഡ് | 11 | 989.9 | 10888.9 |
| വോളിബോൾ | 11 | 510 | 5610 |
| വോളീബോൾനെറ്റ് | 11 | 445 | 4895 |
| ഫുട്ബോൾ | 8 | 889.9 | 7119.9 |
| ഷട്ടിൽ നെറ്റ് | 11 | 265 | 2915 |
| ഷട്ടിൽ റാക്കറ്റ് | 5 | 1000 | 5000 |
| ആകെ | | | 36428.8 |

സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 3/31.12.2019) നൽകിയിരുന്നു. രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ക്ളബുകൾ ഹാജരാക്കാത്തതിനാലാണ് ബാക്കി ഉപകരണങ്ങൾ വിതരണം ചെയ്യാത്തതെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയത്. രജിസ്ട്രേഷനുള്ള ക്ളബുകളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കാതെ അവശ്യാധിഷ്ഠിതമായി പ്രോജക്ട് രൂപീകരിക്കാതിരുന്നത് മൂലമാണ് ടി

അപാകതയുണ്ടായത്. വിതരണം ചെയ്യാത്ത സ്പോർട്സ് ഉപകരണങ്ങളുടെ വിലയായ 36429/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ അർഹരായ ക്ലബുകൾക്ക് വിതരണം ചെയ്തശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-32 പ്രഭാത ഭക്ഷണം - എയ്ഡഡ് സ്കൂളിനും ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 73/19 |
| അടങ്കൽ | 700000 (വികസനഫണ്ട്) |
| ചെലവ് | 700000 (വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി | 1/18-19,20.10.18-272700<br>2/18-19,22.1.19-278640<br>4/18-19,21.3.19-148660 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ ബിൽ നമ്പർ 1/18-19 പ്രകാരമുള്ള തുകയിൽ നിന്ന് 20700/- രൂപയും ബിൽ നമ്പർ 2/18-19 പ്രകാരമുള്ള തുകയിൽ നിന്ന് 24840/- രൂപയും ബിൽ നമ്പർ 4/18-19 പ്രകാരമുള്ള തുകയിൽ നിന്ന് 12144/- രൂപയും എസ്.എൻ.എൽ.പി.എസ്. വൈക്കപ്രയാർ എന്ന എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ആയതിന് പ്രത്യേക അനുമതിയുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 3/31.12.2019) നൽകുകയുണ്ടായി. പഞ്ചായത്ത് കമ്മറ്റിത്തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എയ്ഡഡ് സ്കൂളിനും പ്രഭാതഭക്ഷണ വിതരണത്തിനുള്ള ധനസഹായം നൽകിയതെന്നാണ് മറുപടി നൽകിയത്. ടി പ്രോജക്ടിന്റെ ആത്യന്തിക ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെങ്കിലും സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റിയതിന് ശേഷം മാത്രമേ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികളെ ഗുണഭോക്താക്കളാക്കാവൂ എന്നതാണ് ഇത് സംബന്ധമായ പൊതുതത്വം.

### 1-33 ബാലസഭ-മാർഗ്ഗരേഖ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 74/19 |
| അടങ്കൽ | 50000(വികസനഫണ്ട്) |
| ചെലവ് | 47040(വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി<br>(ക്യു ബിൽ) | 3/19-20,30.4.19-41160<br>5/19-20,30.4.19-5880 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |

ബാലസഭ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ഓരോ വാർഡിലും കലാവിരുന്ന് നടത്തിയതിന് വികസനഫണ്ടിൽ നിന്ന് ആകെ 47040/- രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ

വകുപ്പിന്റെ 14.2.18 ലെ ജി.ഒ(എം.എസ്) 22/18 നമ്പർ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.6.17 പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്ക് ഒരു വാർഡിൽ ചെലവഴിക്കാവുന്നത് 1000/- രൂപയും പഞ്ചായത്ത് തലപ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്നത് 40000/- രൂപയുമാണ്. ഈ അർത്ഥത്തിൽ 7,040/- രൂപ അധികമായി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 3/31.12.19) നൽകുകയുണ്ടായി. വാർഡ്തല ചെലവിന്റെ പരിധി സംബന്ധിച്ച് അറിവില്ലാത്തതിനാലാണ് അപാകതയുണ്ടായതെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയത്. അധികമായി ചെലവഴിച്ച 7,040/- രൂപ തിരികെ ഒടുക്കുകയോ ക്ഷമതയുള്ള അധികാരസ്ഥാനത്തുനിന്നും സാധൂകരണം വാങ്ങുകയോ ചെയ്യേണ്ടതാണ്.

## 1-34 കന്നുകുട്ടി പരിപാലനം- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | 86/19, കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1250000 |
| ചെലവ് | 625000(വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി | 1/18-19,24.12.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിനായി 50 ഗുണഭോക്താക്കളെയാണ് തൻവർഷം തെരഞ്ഞെടുത്തത്. ഗ്രാമപഞ്ചായത്ത് വിഹിതവും സംസ്ഥാനവിഹിതവുമുൾപ്പെടെ 12500/- രൂപ വീതം ഒരു കിടാരിക്ക് കാലിത്തീറ്റ വിതരണത്തിനായി വികസനഫണ്ട് വിഹിതം പിൻവലിച്ച് അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 13.8.18 ലെ 6(1) നമ്പർ തീരുമാനപ്രകാരം വല്ലകം ക്ഷീരസംഘത്തെ കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുത്തു. വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ ക്രമനമ്പർ 35 ആയി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്മിത ബേബി പുളിക്കനാട്ട്, ക്രമനമ്പർ 4 ആയി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന മിനി രാജു രാഹുൽ നിവാസ് എന്നയാളും 9/19 ന് ശേഷം കാലിത്തീറ്റ കൈപ്പറ്റാത്തതായി കണ്ടു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/02.01.2020) മറുപടി ലഭ്യമായില്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കാലിത്തീറ്റ വിതരണം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം 2 കന്നുകുട്ടികൾക്കായി ചെലവഴിച്ച 25000/- രൂപ തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-35 വിവിധ വൈദ്യുതീകരണ പ്രോജക്ടുകൾ-ടെണ്ടർ ക്ഷണിച്ചില്ല.

തൻവർഷം സെക്രട്ടറി നടപ്പാക്കിയ വിവിധ വൈദ്യുതീകരണ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പേര് | അടങ്കൽ,ഫണ്ട് | ചെലവ് | ബിൽനമ്പർ,തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 133/19<br>വയോജനമന്ദിരം വൈദ്യുതീകരണം | 170000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | 170000 | 72/18-19,26.3.19 | ജില്ലാ നിർമ്മിതി കേന്ദ്രം കോട്ടയം |
| 25/19<br>അംഗനവാടികളുടെ വൈദ്യുതീകരണം | 40000<br>റോഡിതര സംരക്ഷണഗ്രാന്റ് | 40000 | 73/18-19,26.3.19 | ജില്ലാനിർമ്മിതി കേന്ദ്രം കോട്ടയം |
| 168/19<br>അങ്കണവാടികളുടെ (നമ്പർ 95,96,99) വൈദ്യുതീകരണം<br>സ്പിൽ ഓവർ | 108994<br>റോഡിതര സംരക്ഷണഗ്രാന്റ് | 108994 | 71/18-19,26.3.19 | ജില്ലാനിർമ്മിതി കേന്ദ്രം കോട്ടയം |
| 168/19<br>അങ്കണവാടികളുടെ(നമ്പർ 84,86,90,91, 92,93,94,97,105,119) വൈദ്യുതീകരണം<br>സ്പിൽ ഓവർ | 238600<br>റോഡിതര സംരക്ഷണഗ്രാന്റ് | 226546 | 70/18-19,26.3.19 | ജില്ലാനിർമ്മിതി കേന്ദ്രം കോട്ടയം |
| | ആകെ | 545540 | | |

മേൽ സൂചിക്കപ്പെട്ട 4 പ്രോജക്റ്റുകളും ജില്ലാനിർമ്മിതി കേന്ദ്രം കോട്ടയം മുഖാന്തിരമാണ് നടപ്പാക്കിയത്. ജി.ഒ (എം.എസ്) 95/17/ഫിൻ തീയതി 25.07.17 പ്രകാരമുള്ള ഉത്തരവിൽ അക്രെഡിറ്റഡ് ഏജൻസികൾക്ക് അവരവരുടെ നിർവ്വഹണ മേഖലകളിൽ ടെണ്ടർ കൂടാതെ പ്രവൃത്തി ഏറ്റെടുക്കാമെന്ന് പരാമർശിച്ചിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രത്തെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് ടെണ്ടർ കൂടാതെ തെരഞ്ഞെടുത്തതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ്/അനുമതി വിവരം ലഭ്യമായില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/02.01.2020) വൈദ്യുതീകരണ പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സ്ക്രൂട്ടിനി, സാങ്കേതികാനുമതി നൽകൽ, മേൽനോട്ടം വഹിക്കൽ തുടങ്ങിയ ചുമതലകൾ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിക്കപ്പെട്ട ഡി.എൽ.റ്റി.ഇ.സി.യെ ഏൽപ്പിക്കാത്തതിന്റെ കാരണം വ്യക്തമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതും പ്രവൃത്തി നിർവ്വഹിച്ചതും അളവ് രേഖപ്പെടുത്തിയതും നിർമ്മിതികേന്ദ്രം തന്നെയാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാകാത്തതിനാൽ ഈ ഇനത്തിലുള്ള 5,45,540/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് - 5 എണ്ണം വിതരണം ചെയ്തില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 14/19,എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ |
| അടങ്കൽ,ഫണ്ട് | 450511 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 450511 |
| ബിൽ നമ്പർ,തീയതി | 63/18-19,12.3.19 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിനായി അക്രെഡിറ്റഡ് ഏജൻസിയായ ക്രൂസിൽ നിന്നും 2337 രൂപ നിരക്കിൽ 170, 12W LED ലൈറ്റുകളും 3153 രൂപ നിരക്കിൽ 17, 24W LED ലൈറ്റുകളും വാങ്ങിയിട്ടുണ്ട്. ആയത് സെക്രട്ടറി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ 21.1.19 ലെ 3047/18 നമ്പർ സാക്ഷ്യപത്രം പ്രകാരം 165, 12W LED ലൈറ്റുകൾ മാത്രമാണ് ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. 5 ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/02.01.2020) മറുപടി ലഭ്യമായില്ല. ആയതിനാൽ 5 ലൈറ്റുകൾക്കായി ചെലവഴിച്ച 11685 (2337x5) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലൈറ്റുകൾ സ്ഥാപിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 മോട്ടോർ സൈക്കിൾ വിത്ത് ഐസ് ബോക്സ്- രജിസ്ട്രേഷൻ വിവരങ്ങളില്ല.

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥയായി ജനറൽ, എസ്.സി വിഭാഗങ്ങളിൽപെട്ട മൽസ്യത്തൊഴിലാളികൾക്ക് മോട്ടോർ സൈക്കിൾ വിത്ത് ഐസ് ബോക്സ് വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ്,ഫണ്ട് | ബിൽ നമ്പർ ,തീയതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 84/19 | 300000 | 56956(വികസനഫണ്ട്)<br>85434(ഗ്ര.വിഹിതം) | 3/18-19,24.1.19 | 3 |
| 81/19 | 569560 | 284780(വികസനഫണ്ട്)<br>284780(ഗ്ര.വിഹിതം) | 4/18-19,24.1.19 | 10 |

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കുറഞ്ഞ ടെണ്ടർ നിരക്ക് സമർപ്പിച്ച സൈമാസ് ഓട്ടോ സെയിൽസ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. പ്രോജക്ട് നമ്പർ 84/19 ൽ പെടുത്തി വണ്ടി വാങ്ങിയ ശ്രീ. ധനിലാൽ, ധനീഷ് ഭവൻ, ശ്രീ. ശിവദാസൻ കരേത്തറ എന്നിവർ വണ്ടി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല. പ്രോജക്ട് നമ്പർ 81/19 ൽ ആനുകൂല്യം കൈപ്പറ്റിയ 10 ഗുണഭോക്താക്കളും വണ്ടിയുടെ രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) വണ്ടി പർച്ചേസുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടിട്ടില്ല.

3) പ്രോജക്ട് നമ്പർ 84/19 ൽ ഗുണഭോക്താക്കൾ വണ്ടി വാങ്ങിയതിന്റെ പർച്ചസ് ബില്ല് ഓഡിറ്റിന് ലഭ്യമായില്ല.
പ്രോജക്ടിന്റെ ഫയൽ സൂക്ഷിപ്പിലും ഫയൽ മാനേജ്മെന്റിലും നിർവ്വഹണ ഉദ്യോഗസ്ഥൻ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/06.01.2020) അപാകതകൾ പരിഹരിച്ചശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കാമെന്ന് മറുപടി ലഭ്യമായി. അപാകതകൾ പരിഹരിക്കുന്നതിലേക്കായി വികസനഫണ്ടിൽ നിന്നുള്ള 3,41,736/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ഭവനപുനരുദ്ധാരണം-പൂർത്തിയാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 72/19 |

| | |
|---|---|
| അടങ്കൽ | 4020000(വികസനഫണ്ട്) |
| ചെലവ് | 3570000 |
| ബിൽ നമ്പർ,തീയതി | 5/18-19.20.2.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ പടിഞ്ഞാറേക്കര |

ഭവനപുനരുദ്ധാരണത്തിനായി തൻവർഷം 65 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 54 പേർക്ക് 60000 രൂപ വീതം നൽകിയിട്ടുണ്ട്.പണി പൂർത്തിയാക്കാത്ത 11 ഗുണഭോക്താക്കൾക്ക് 30000 രൂപ വീതമാണ് തൻവർഷം നൽകിയത്. ആയതിൽ ശ്രീമതി,തങ്കമ്മ നടുത്തറ, ശ്രീ സത്യൻ ലക്ഷംവീട് എന്നിവരൊഴികെ ബാക്കി ഗുണഭോക്താക്കൾ നിലവിൽ നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷൻ സമർപ്പിച്ചിട്ടുണ്ട്. ബാക്കി രണ്ട് ഗുണഭോക്താക്കളും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ടിയാളുകൾക്ക് നൽകിയ 60000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-39 സ്ഥലം വാങ്ങൽ- റവന്യൂ രേഖകൾ പ്രകാരം 'നിലം' എന്ന് രേഖപ്പെടുത്തപ്പെട്ട സ്ഥലം വാങ്ങലിന് ധനസഹായം നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 138/19,സ്ഥലം വാങ്ങൽ എസ്.സി.പി(സ്പിൽ ഓവർ) |
| അടങ്കൽ | 375000(വികസനഫണ്ട്) |
| ചെലവ് | 375000(വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി | 2/18-19,11.6.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ., പടിഞ്ഞാറേക്കര |

എസ്.സി വിഭാഗത്തിൽപ്പെട്ട ശ്രീ.രാധാകൃഷ്ണൻ, പെരുതുരുത്തിക്കാട് എന്ന ഗുണഭോക്താവിന് സമ്പൂർണ്ണ പുനരധിവാസത്തിന്റെ ഭാഗമായി 5 സെന്റ് സ്ഥലം (സർവ്വേ നമ്പർ 119/13) വാങ്ങി നൽകിയതിന് വികസനഫണ്ടിൽ നിന്നും 3,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സദാശിവൻ വിനോദ്ഭവനം എന്നയാളിൽനിന്നാണ് സ്ഥലം വാങ്ങിയത്. വിലയാധാരം പരിശോധിച്ചപ്പോൾ ടി സ്ഥലം നിലം എന്ന വിഭാഗത്തിൽപെട്ടതാണെന്ന് കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 27) നൽകുകയുണ്ടായി. ടി സ്ഥലം വർഷങ്ങൾക്ക് മുമ്പ് നിലം നികത്തിയതാണെന്നും കരട് ഡേറ്റാബാങ്കിൽ നിലം നികത്ത് ഭൂമി എന്ന് രേഖപ്പെടുത്തിയതാണെന്നും രേഖാമൂലം നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ടി സ്ഥലം നിലവിൽ ചുറ്റുഭാഗത്തും വീടോടുകൂടിയായ കരഭൂമിയാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ കരഭാഗമായി കാണുന്ന നിരവധി സ്ഥലങ്ങൾ ഈ വിധത്തിൽ രേഖകളിൽ നിലമായിട്ടാണ് കാണപ്പെടുന്നതെന്നും അതിനാൽ അർഹരായ പാവങ്ങൾക്ക് ടി ഭൂമി വാങ്ങി നൽകാൻ 3.11.17 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 5(2) തീരുമാനപ്രകാരം വി.ഇ.ഒ യെ ചുമതലപ്പെടുത്തി. എങ്കിലും റവന്യൂ രേഖകളിൽ നിലമായി കിടക്കുന്ന ഭൂമി ഗുണഭോക്താക്കൾക്ക് വാങ്ങി നൽകുന്നത് പിന്നീട് ഭവനനിർമ്മാണത്തിനുൾപ്പെടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അവസ്ഥയുണ്ടാകും. ടി ഗുണഭോക്താവിനെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം കൂടി നൽകി പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യം കൈവരിക്കാവുന്നതാണ്. ഭാവിയിൽ

റവന്യൂരേഖകൾ പ്രകാരം ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സ്ഥലം ഗുണഭോക്താക്കൾക്ക് വാങ്ങി നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

## 1-40 വിവിധ ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗവിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗവിവരം ലഭ്യമായില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | തുക ഡെപ്പോസ്റ്റ് ചെയ്ത സ്ഥാപനം | ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|
| 127/19 | കൃഷിഭവനം ഇരുമ്പൂഴിക്കര എൽ..പി.എസിനം കുടിവെള്ള കണക്ഷൻ | 80000 സംരക്ഷണ ഗ്രാന്റ് റോഡിതരം | 80000 | വാട്ടർ അതോരിറ്റി | 54/18-19 19.1.19 |
| 125/19 | 13അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 240000 സംരക്ഷണ ഗ്രാന്റ് റോഡിതരം | 240000 | വാട്ടർ അതോരിറ്റി | 55/18-19 19.1.19 |
| 180/19 | പട്ടമശ്ശേരി മണപ്പുറം ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 149846 ധനകാര്യകമ്മീഷൻ ഗ്രാന്റ് 154 തനത് ഫണ്ട് | 149846 154 | വാട്ടർ അതോരിറ്റി | 52/18-19 19.1.19 |
| 33/19 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 1200000ധനകാര്യകമ്മീഷൻ ഗ്രാന്റ് 200000 ബ്ളോക്ക് ഷെയർ | 1200000 183616 | കെ.എസ്.ഇ.ബി | 68,74/18-19, 25.3.19 |
| 170/19 | അങ്കണവാടി (നം.47) നിർമ്മാണം വിഹിതം നൽകൽ | 659000 | 235000 സംരക്ഷണ ഗ്രാന്റ് റോഡിതരം 24000(തനത് ഫണ്ട്) | മിഷൻ ഡയറക്ടർ,തൊഴിലുറപ്പ് പദ്ധതി | 19/18-19 19.7.18 |
| | | ആകെ | 2112616 | | |

കരാർ രേഖകളിൽ പൂർത്തീകരിക്കേണ്ട കാലയളവ് കൃത്യമായി ചേർത്തിട്ടില്ല. മേൽ പ്രോജക്ടുകളുടെ

വിനിയോഗവിവരം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8/02.01.2020) നൽകിയിരുന്നു. വിനിയോഗവിവരം ആവശ്യപ്പെട്ട് സെക്രട്ടറി തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കി. വിനിയോഗവിവരം ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുമ്പോൾ വിവരം ഓഡിറ്റിൽ അറിയിക്കാമെന്നും മറുപടി ലഭ്യമായി. അപാകത പരിഹരിക്കുന്നതിലേക്കായി 21,12,616/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിക്ഷേപിക്കപ്പെട്ട തുകകളുടെ വിനിയോഗസാക്ഷ്യപത്രം, വിശദമായ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം പരിഹരിക്കേണ്ടതാണ്.

## 1-41 വയബിലിറ്റി ഗ്യാപ് ഫണ്ട് - യൂസർ ഫീ ഇനത്തിൽ പിരിവ് പുരോഗതിയില്ല.

പ്രോജക്ട് നമ്പർ -173/19

അടങ്കൽ -393975

ചെലവ് -21616(വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ. ഉദയനാപുരം

വീട്ടുകളിൽ നിന്ന് പ്ളാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന ഹരിതകർമ്മസേന പ്രവർത്തകർക്ക് വേതനവും മാലിന്യശേഖരണത്തിന് ഉപയോഗിക്കുന്ന വണ്ടിക്ക് കൂലിയും നൽകാനാണ് ടി പ്രോജക്ട് രൂപീകരിച്ചത്. ഒരു വാർഡിൽ നിന്നും 2 പേർ വീതം കണക്കാക്കി ആകെ 32 ഹരിതകർമ്മസേന പ്രവർത്തകരെ കണ്ടെത്തി 1.12.18 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(8) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. തൻ വർഷം യൂണിഫോം വാങ്ങുന്ന ഇനത്തിലായി 21616/- രൂപ ചെലവഴിച്ചു. 13.8.18 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19 നമ്പർ തീരുമാനം പ്രകാരം വീട്ടുകളിൽ നിന്ന് 500/- രൂപയും കടകളിൽ നിന്ന് 100/- രൂപയും യൂസർഫീ ഈടാക്കാൻ തീരുമാനിച്ചു. തൻവർഷം യൂസർഫീ ഇനത്തിലായി തുകയൊന്നും കളക്ട് ചെയ്തിട്ടില്ല. പ്രോജക്റ്റിനായി രൂപീകരിച്ച അക്കൗണ്ട് പ്രകാരം (നമ്പർ 553702010014756 യൂണിയൻ ബാങ്ക് വൈക്കം) ആകെ 8.11.19 ൽ 6750/- രൂപ മാത്രമാണ് പിരിച്ചിട്ടുള്ളത്. ടി തുക നീക്കിയിരുപ്പായി അവശേഷിക്കുന്നു.

യൂസർ ഫീ ഈടാക്കാൻ സ്വീകരിച്ച നടപടികൾ, പ്ലാസ്റ്റിക് കളക്ഷൻ സെന്ററിന്റെ വിവരം, നാളിതുവരെ ടി പ്രോജക്ടിനായുള്ള ചെലവ് എന്നിവ ഓഡിറ്റിൽ രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 9) നൽകിയിരുന്നു. ആയതിന് വളരെ വിശദമായ മറുപടി നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കി. യൂണിഫോമിനായി 21616/- രൂപയും തയ്യൽകൂലിയിനത്തിൽ 7000/- രൂപയും ഐ.ഡി കാർഡിനായി 1550 രൂപയും ചെലവഴിച്ചതായി മറുപടി ലഭ്യമാക്കി. 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ പ്ലാസ്റ്റിക് ശേഖരണം നടത്തിയിരുന്നെന്നും ആയതിന്റെ പ്രതിഫലമായി 30.8.19 ലെ 1(4) നമ്പർ കമ്മറ്റി തീരുമാനപ്രകാരം 30 പേർക്ക് 4800 രൂപ വീതം നൽകാൻ തീരുമാനിക്കുകയും 20 പേർക്ക് തുക നൽകുകയും ചെയ്തു.

പ്ലാസ്റ്റിക് കളക്ഷൻ സെന്റർ ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം മന്ദീഭവിക്കാൻ കാരണമെന്നാണ് മറുപടിയിൽ പരാമർശിക്കുന്നത്. അത് മൂലം പ്ലാസ്റ്റിക്കുകൾ സംഭരിക്കാൻ സ്ഥലം ഇല്ലാതെ വന്നു. തന്മൂലം വീട്ടുകളിൽ നിന്ന് പ്ലാസ്റ്റിക് ശേഖരിക്കുന്നത് നിലച്ച അവസ്ഥയാണ്. ഗ്രാമപഞ്ചായത്ത് കമ്മറ്റി അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടേണ്ടതും പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രോജക്ടിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് മാത്രമാണ് വികസനഫണ്ട് ചെലവഴിക്കാനാവുന്നത്. പിന്നീട് യൂസർഫീ ഉപയോഗിച്ചാണ് പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊരുക്കി പ്ലാസ്റ്റിക് ശേഖരിക്കാനും യൂസർഫീ പിരിവ് ത്വരിതപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധമായി സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-42 ലൈഫ് ഭവനപദ്ധതി-അവലോകനം

ലൈഫ് പദ്ധതി രണ്ടാം ഘട്ടത്തിനായി ജനറൽ, എസ്.സി.പി വിഭാഗങ്ങളിലായി നിർവ്വഹിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നം | 126/18-19(ജനറൽ) | പ്രോജക്ട് നം | 103/18-19(എസ്.സി.പി) |
| അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് 5018200 | 5018200 | വികസനഫണ്ട് 2192200 | 2192200 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2259185 | 2259185 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2302225 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം 5718288 | 5718288 | ജില്ലാ പഞ്ചായത്ത് വിഹിതം 3865964 | 3160000 |
| മറ്റുള്ളവ (ലോൺ) 90474327 | 28317307 | മറ്റുള്ളവ (ലോൺ) 16615683 | 0 |
| ആകെ 103470000 | 41312980 | ആകെ 24976072 | 5352000 |

ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ 225 ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ഭവനനിർമാണം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്ന് 41312980 രൂപ ചെലവഴിച്ചിട്ടുണ്ട്. 103470000 രൂപ അടങ്കൽ തുക നിശ്ചയിക്കപ്പെട്ടിട്ടുള്ള ടി പ്രോജക്ടിലെ 144 ഗുണഭോക്താക്കൾ മാത്രമേ ഭവനനിർമാണം പൂർത്തീകരിച്ച് മുഴുവൻ തുകയും (400000 രൂപ) കൈപ്പറ്റിയിട്ടുള്ളൂ. 47 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ അവസാന സ്റ്റേജിലാണ് (റൂഫ്). 19 ഗുണഭോക്താക്കൾ ലിന്റൽ ലെവൽ വരെ പൂർത്തിയാക്കി. 15 ഗുണഭോക്താക്കൾ ആദ്യഗഡു മാത്രം കൈപ്പറ്റി ഭവനനിർമ്മാണത്തിന്റെ ആദ്യ സ്റ്റേജിലാണ്.

രജിസ്റ്റർ പ്രകാരം 40 എസ്.സി വിഭാഗത്തിലെ ഗുണഭോക്താക്കൾ തൻവർഷം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. അതിൽ ഒരാൾ മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയത്. 19 പേർ അവസാനഗഡു കൈപ്പറ്റാനുള്ളവരാണ്. 11 ഗുണഭോക്താക്കൾ ആദ്യഗഡുതുകയായ 40000/- രൂപ മാത്രം

കൈപ്പറ്റി ഭവനനിർമ്മാണത്തിന്റെ ആദ്യസ്റ്റേജിലാണ്. മേൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭവനനിർമാണം പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-43 സുരക്ഷിതത്വപരിശോധനയുമായി ബന്ധപ്പെട്ട ഫീസ് നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 6-5-2010-ലെ ഡി.ബി.2/ 08 നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻജിനീയറിംഗ് ഓഫീസുകളിൽനിന്നും നൽകുന്ന സേവനങ്ങളുടെ ഭാഗമായി ഈടാക്കുന്ന ഫീസുകൾ പ്രസ്തുത ഓഫീസുകളിൽ റ്റി.ആർ-5 രസീതുകൾ വഴി സ്വീകരിച്ച് പഞ്ചായത്തുകളുടെ കാര്യത്തിൽ 0515-00-800-93 എന്ന ശീർഷകത്തിൽ ട്രഷറി ചെലാൻ മുഖേന സർക്കാർ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന സ്കൂളുകളുടെ വാർഷികസുരക്ഷിതത്വ പരിശോധനയുമായി ബന്ധപ്പെട്ട ഫീസ് ഈടാക്കിയിട്ടുള്ളത് പഞ്ചായത്തിന്റെ ഔദ്യോഗിക രസീതുപ്രകാരമാണ്. എന്നാൽ ഇപ്രകാരം ഈടാക്കിയിട്ടുള്ള ഫീസ് തുക സർക്കാരിലേക്കടവാക്കിയിട്ടുമില്ല. മുൻവർഷങ്ങളിലെയുൾപ്പെടെ ഈയിനത്തിൽ തനതുഫണ്ടിലടവാക്കിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | കാലയളവ് | ഈടാക്കിയ ഫീസ് | രസീതുനമ്പർ |
|---|---|---|---|
| ആതുരാശ്രമം ഇംഗ്ലീഷ് മീഡിയം സ്കൂൾ, നാനാടം | 2018-19 | 500 | 118030100347/14-5-18 |
| എസ്.എൻ.എൽ.പി.എസ്, വൈക്കപ്രയാർ | 2018-19 | 150 | 118030100276/8-5-18 |
| ,, | 2016-17 | 150 | 11603103607/27-3-17 |
| ,, | 2019-20 | 150 | 118010103381/23-3-19 |
| സെന്റ് മേരീസ് എച്ച്.എസ്.എസ്. വല്ലകം | 2018-19 | 500 | 117030103859/12-3-18 |
| സെന്റ് മേരീസ് എച്ച്.എസ്. വല്ലകം | 2018-19 | 500 | 117030103860/12-3-18 |
| ,, | 2017-18 | 500 | 11603103612/27-3-17 |

ഫിറ്റ്നസ് പരിശോധനാ ഫീസിനത്തിൽ പഞ്ചായത്ത് ഫണ്ടിലവശേഷിക്കുന്ന 6,850/- രൂപ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കടവാക്കേണ്ടതാണ്.

## 1-44 മരാമത്ത് പ്രവൃത്തികൾ - ഓവർഹെഡ് ചാർജിനത്തിൽ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അധികതുക അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം അംഗീകാരം ലഭിച്ചതും ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തി 2016-ലെ ഡി.എസ്.ആർ. അനുസരിച്ചാണ്. ധനകാര്യ (ഇൻസ്&പി.ഡബ്ല്യു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ല്യൂ.ബി2/2666/2016 നമ്പർ സർക്കുലർ പ്രകാരം നികുതിവിഹിതങ്ങൾ അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ചീഫ് എൻജിനീയറുടെ 16.03.2018ലെ ഡിബി.3.9058/17 /സി.ഇ.തസ്വഭവ നമ്പർ കത്ത് പ്രകാരം വാറ്റിന് പകരമായി ജി.എസ്.ടി. നിലവിൽ വന്നതിനാൽ VAT ന്റെ

5% നികുതി ഒടുക്കേണ്ടതില്ലെന്നും ടി സാഹചര്യത്തിൽ ടി 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ വേലമൂല്യത്തിൽനിന്നും 2% ആദായനികുതിയും 1% ക്ഷേമനിധിവിഹിതവും കുറവുചെയ്തതിനുശേഷമുള്ള തുക കൺനീനർമാർക്ക് അനുവദിക്കുകയും ചെയ്തു. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ യഥാർത്ഥചെലവിന് മാത്രമേ അർഹതയുള്ളൂ. ആയതിനാൽ 3% ഓവർഹെഡ് ചാർജ് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. വേലമൂല്യത്തിൽനിന്നും ബാക്കി 4.5% കണക്കാക്കി കുറവുചെയ്യാതെ കൺവീനർക്ക് ബിൽതുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)191/8,9വാർഡുകളിൽ ഓരുമുട്ട്നിർമ്മാണം

അടങ്കൽ -50000/-(എസ്.സി.പി ഫണ്ട്)

ചെലവ് -35149 **ബിൽനമ്പർ-28/25-9-18)**

കൺവീനർ -പ്രഭാകരൻ

അളവുപുസ്തകം-29/18-19

| ചെലവ് വിവരം | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 35149 | 35149 |
| കുറയ്ക്കുക-ഐ.ടി (2%) | 703 | 703 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%)<br>സെസ്സ് 1% | 348<br>4 | 348<br>4 |
| ഓവർ ഹെഡ് ചാർജ് (4.5%) | 1582 | 0 |
| നെറ്റ് തുക | 32512 | 34094 |
| അധികം നൽകിയ തുക | 1582 | |

2. 192/18-19

അടങ്കൽ-50000

ചെലവ്- 49912 **( ബിൽ നം. 26/19-5-19 )**

കൺവീനർ-വൈശാഖ്
അളവ് പുസ്തകം-28/18-19

| ചെലവ് വിവരം | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 49912 | 49912 |
| കുറയ്ക്കുക-ഐ.ടി (2%) | 999 | 999 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%)<br>സെസ്സ്1% | 499<br>5 | 495<br>5 |
| ഓവർ ഹെഡ് ചാർജ് (4.5%) | 2246 | 0 |
| നെറ്റ് തുക | 46163 | 48413 |
| അധികം നൽകിയ തുക | | 2250 |

3. 195/18-19തെനമറ്റം ഓരുമുട്ട്നിർമ്മാണം

അടങ്കൽ -50000

ചെലവ് - 49965 (27/19-3-19

കൺവീനർ -ശ്രീ.രാജേഷ്

അളവ്പുസ്തകം -32/18-19

| ചെലവ് വിവരം | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 49965 | 49965 |
| കുറയ്ക്കുക-ഐ.ടി (2%) | 1000 | 1000 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%)+1% സെസ് | 495+ 5 | 495+5 |
| ഓവർ ഹെഡ് ചാർജ്(4.5%) | 2248 | 0 |
| നെറ്റ് തുക | 46217 | 48465 |
| അധികം നൽകിയ തുക | | 2248 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/3-1-2020) കൺവീനർമാരിൽനിന്ന് അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികതുക അനുവദിച്ചത് ഈടാക്കേണ്ടതും അപാകത മേലിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-45 വിവിധ ക്ഷേമപെൻഷനുകൾ-അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം.

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ പരിശോധിച്ചപ്പോൾ അപേക്ഷ ലഭിച്ച് 40-45 ദിവസത്തിനുള്ളിൽ പെൻഷൻ അനുവദിക്കേണ്ടതോ തീർപ്പാക്കേണ്ടതായതോ ആയ പല അപേക്ഷകളും നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാത്തതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താവിന്റെ പേര് | അപേക്ഷ കിട്ടിയ തീയതി | അന്വേഷണോദ്യോഗസ്ഥന് കൈമാറിയ തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|---|---|
| **വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം** | ഓമനമോഹനൻ,മണപ്പുറത്ത് | 8.5.18 | 15.5.18 | രേഖപ്പെടുത്തിയിട്ടില്ല. |
| | ലാലി പി,വൈപ്പുന്നയിൽ | 23.3.18 | രേഖപ്പെടുത്തിയിട്ടില്ല. | 2.2.19 |
| | ഉഷ,ചിന്നുഭവനം | 26.9.18 | 9.10.18 | രേഖപ്പെടുത്തിയിട്ടില്ല. |
| | ഗിരിജ,പുളിഞ്ചുവട്ടിൽ | 4.10.18 | 10.10.18 | 2.2.19 |
| | ഓമന,പുത്തൻപുരയിൽ | രേഖപ്പെടുത്തിയിട്ടില്ല. | രേഖപ്പെടുത്തിയിട്ടില്ല. | 2.2.19 |
| **വാർദ്ധക്യകാല പെൻഷൻ** | വിജയൻ,മുണ്ടങ്കേരി | 3.4.18 | 5.4.18 | 12.12.18 |
| | മോഹനൻ,കീച്ചേരിത്തറ | 3.4.18 | 5.4.18 | 4.1.19 |
| | രവി,കാവിരിക്കാംപറമ്പ് | 4.5.18 | 15.5.18 | 15.12.18 |

| | | | | |
|---|---|---|---|---|
| | ചന്ദ്രമോഹൻ,കുറ്റവേലിൽ | 4.5.18 | 15.5.18 | 3.6.19 |
| | സതി,അനീഷ്ഭവൻ | 3.5.18 | 15.5.18 | 15.12.18 |
| | ക്രമ നമ്പർ 63-74 | 5.6.18-27.6.18 | 6.7.18 | 15.12.18 |
| | ക്രമ നമ്പർ 75-81 | 5.7.18-31.7.18 | 1.8.18 | 15.12.18 |
| | ക്രമ നമ്പർ 92-108 | 5.8.18-20.10.18 | 26.10.18 | 4.1.19 |
| **കർഷകത്തൊഴിലാളി പെൻഷൻ** | വിമല,നാൽപ്പാക്കരിത്തറ | 17.4.18 | 27.4.18 | 12.2.19 |
| | രാധ,സദാശിവൻ | 20.7.18 | 1.8.18 | 7.5.19 |
| | മോഹനൻ,കണ്ടംതറയിൽ | 26.9.18 | 7.12.18 | 7.5.19 |
| | ശാന്ത,കൊച്ചുപാട്ടത്തറ | 26.9.18 | 7.12.18 | 7.5.19 |
| | രാജു,നമ്പ്യാക്കനാലിൽ | 28.12.18 | 29.12.18 | 7.5.19 |
| | മോഹനൻ, കോണിപ്പറമ്പിൽ | 24.12.18 | 4.1.19 | 7.5.19 |
| **വിധവാ പെൻഷൻ** | ലീല,കാരുവള്ളി | 27.4.18 | 5.5.18 | 15.11.18 |
| | മാധുരി,വിപിൻഭവനം | 15.5.18 | 15.5.18 | 15.11.18 |
| | പ്രസന്നകുമാരി, കിഴക്കേനികർത്തിൽ | 5.6.18 | 12.7.18 | 15.11.18 |
| | ക്രമ നമ്പർ 17-20 | 25.9.18-3.10.18 | 25.10.18 | 2.2.19 |
| **വികലാംഗ പെൻഷൻ** | വിജയകുമാർ,പുലിയതറ | 18.12.18 | 31.12.18 | 18.6.19 |
| | അഭിജിത്ത്, കിഴക്കേപുറത്താറ്റ് | 24.12.18 | 31.12.18 | 18.6.19 |
| | ശ്രീജ,ചെറുകാട്ടിൽ | 22.1.19 | 23.1.19 | 20.5.19 |

അപേക്ഷകൾ സമയബന്ധിതമായി അന്വേഷണോദ്യോഗസ്ഥന് കൈമാറേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ച് പെൻഷൻ അപേക്ഷകൾ തീർപ്പാക്കേണ്ടതുമാണ്. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിന്റെ അപേക്ഷ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. അന്വേഷണോദ്യോഗസ്ഥന് കൈമാറി തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ക്ഷേമപെൻഷനുകളുടെ അപേക്ഷകളിന്മേൽ സമയബന്ധിത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-46 പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല-ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടില്ല

നാനാടത്ത് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ ബൈലോ തയ്യാറാക്കി അംഗീകരിക്കുന്നതിനായി പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെടെ 8 അംഗ കമ്മിറ്റി രൂപീകരിക്കുന്നതിനും ബൈലോ പരിശോധിച്ച് അംഗീകാരം നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും 26-12-18-ൽ

കൂടിയ പഞ്ചായത്ത്കമ്മിറ്റി തീരുമാനമെടുത്തിരുന്നു (അജണ്ട - 9 തീരുമാനം -1). എന്നാൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് യാതൊരു നടപടികളും ഓഡിറ്റ് തീയതി വരെയും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ-4/3-1-2020) വായനക്കാർ കുറവായതിനാൽ പുസ്തകവിതരണം മുൻകാലങ്ങളിലേതു പോലെ നടക്കുന്നില്ല എന്ന് ലൈബ്രേറിയൻ അറിയിച്ചു. ദിനപത്രങ്ങൾക്കു വേണ്ടിയും പാർട്ട്-ടൈം ലൈബ്രേറിയനുള്ള ഹോണറേറിയം ഇനത്തിലും പഞ്ചായത്തു ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതൊഴികെ മറ്റ് പ്രവർത്തനങ്ങളൊന്നും പഞ്ചായത്ത് തലത്തിൽ നടക്കുന്നില്ല. മാസവരിയിനത്തിലും അംഗത്വഫീസിനത്തിലുമുള്ള നാമമാത്രമായ തുക രസീതുപ്രകാരം ഈടാക്കി പഞ്ചായത്തിലടവാക്കുന്നുണ്ടെങ്കിലും തുക യഥാസമയം അടവാക്കിക്കാണുന്നില്ല. ലൈബ്രറിയുടെ മറ്റ് പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നില്ല. മുൻകാലങ്ങളിൽ ലൈബ്രറി കൗൺസിലിൽനിന്നും ഗ്രാന്റ് ലഭിച്ചിരുന്നുവെങ്കിലും നിലവിൽ ഗ്രാന്റും ലഭിക്കുന്നില്ല. പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ലൈബ്രറിയിൽനിന്നും പുസ്തകം എടുത്തിരുന്നവർ പുസ്തകങ്ങൾ തിരിച്ച് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ പുസ്തകങ്ങളുടെ വില ഈടാക്കിയിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി സ്റ്റോക്കിലുണ്ടായിരുന്ന 23 പുസ്തകങ്ങളാണ് ഇപ്രകാരം നഷ്ടപ്പെട്ടിട്ടുള്ളത്. ലൈബ്രറിയുടെ പ്രവർത്തനമോ വികസനമോ സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ (കല, സാംസ്കാരികം, യുവജനക്ഷേമം) യോഗങ്ങളിലൊന്നും ചർച്ചകളുണ്ടായിട്ടില്ല എന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രത്യേകകമ്മിറ്റി രൂപീകരിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും ബൈലോ പ്രകാരമുള്ള നടപടികളിലൂടെ പ്രവർത്തനം കാര്യക്ഷമമാക്കി പഞ്ചായത്ത് ലൈബ്രറിയെ ഉദ്ധരിക്കേണ്ടതും ചരിത്രപ്രാധാന്യമേറെയുള്ളതും സാംസ്കാരികനായകൻമാരുടേയും സാഹിത്യകാരൻമാരുടെടേയും നാടുമായ വൈക്കം താലൂക്കിൽപ്പെട്ട പഞ്ചായത്ത് ലൈബ്രറിയുടെ നിലവിലെ അവസ്ഥ പരിഹരിക്കപ്പെടേണ്ടതുമാണ്.

### 1-47 അഗതിരഹിത കേരളം - പ്രവർത്തനം മന്ദഗതിയിൽ

അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിരുന്നു (തീരുമാനം നമ്പർ-13.07.2018 ലെ 1). ടി ലിസ്റ്റിൽ ആകെ 151 കുടുംബങ്ങൾ ഉൾപ്പെട്ടിരുന്നു. ആശ്രയ പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ പ്രത്യേക അക്കൗണ്ട് സൂക്ഷിച്ചിരുന്നില്ല. സി.ഡി.എസ്. ഫണ്ടിനൊപ്പമാണ് ആശ്രയയുടെ വരവ് ചെലവും കൈകാര്യം ചെയ്തു പോന്നത്. ആശ്രയ ആദ്യ രണ്ട് ഘട്ട പ്രോജക്ടുകളിൽ അക്കൗണ്ടുകളിൽ ബാലൻസുണ്ടായിരുന്ന തുകകൾ പുതുതായി ആരംഭിച്ച അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സി.ഡി.എസ്.ന്റെ അക്കൗണ്ടിൽ നിന്ന് (അക്കൗണ്ട് നമ്പർ 57639414904, എസ്.ബി.ഐ വൈക്കം) 12,00,000/- രൂപ 3.6.19 ൽ പിൻവലിച്ച് അഗതിരഹിതകേരളത്തിനായി പുതുതായി ആരംഭിച്ച അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 4670101005937, കാനറബാങ്ക് വൈക്കം) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കുടുംബശ്രീമിഷന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 31.3.19 ൽ ആശ്രയ യുടെ നീക്കിയിരിപ്പ് 21,71,653/- രൂപയാണ്. എന്നാൽ അഗതിരഹിതകേരളത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് 12 ലക്ഷം മാത്രമാണ്. അപാകത പരിഹരിക്കേണ്ടതും ബാക്കി തുകകൂടി അഗതിരഹിതകേരളത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്. 2018-19 വർഷം വികസനഫണ്ടിൽനിന്ന് 5 ലക്ഷം രൂപ പ്രോജക്ടിനായി നൽകിയിട്ടുണ്ട്. 12,56,499/- രൂപ ചലഞ്ച് ഫണ്ടും ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ വികസനഫണ്ട് ചെലവഴിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് പ്രോജക്ടിന്റെ നിർവ്വഹണം ത്വരിതപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | നെൽ കൃഷി വികസനം കൂലി ചെലവ് | 65060 | 34940 |
| | | 100000 | പാലിയേറ്റീവ് കെയർ | 89414 | 10586 |
| | | 50000 | അങ്കണവാടിപോഷകാഹാരം | 50000 | |
| | | 100000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 100000 | |
| | | 200000 | സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 183616 | 16384 |
| | | 2259185 | ലൈഫ് മിഷൻ രണ്ടാം ഘട്ടം | 2259185 | |
| ജില്ലാ പഞ്ചായത്ത് | | 812000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം | 332000 | 480000 |
| | | 5718288 | ലൈഫ് മിഷൻ രണ്ടാം ഘട്ടം | 5718288 | |

| | | | | |
|---|---|---|---|---|
| | 3865964 | ലൈഫ് മിഷൻ രണ്ടാം ഘട്ടം-എസ്.സി.പി | 3160000 | 705964 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 1400000 | 1383616 | 16384 |
| വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 240000 | 240000 | 0 |
| | കൃഷി ഭവനും ഇരുമ്പുഴിക്കര സ്കൂളിനും കുടിവെള്ള കണക്ഷൻ | 80000 | 80000 | 0 |
| | എട്ടാം വാർഡിലെ പട്ടമശ്ശേരി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 150000 | 150000 | 0 |
| മിഷൻ ഡയറക്ടർ തൊഴിലുറപ്പ് പദ്ധതി | അങ്കണവാടി നം.47 നിർമ്മാണവിഹിതം നൽകൽ | 259000 | 259000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഈയിനത്തിൽ വരവില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം ലൈഫ് ഭവനപദ്ധതിയ്ക്കായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്ന് 28317307/- രൂപ വായ്പയിനത്തിൽ വരവ് വന്നിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | വായ്പ തുക | 01.04.2019-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2018-19 തിരിച്ചടച്ച തുക(മുതൽ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി | ജി.ഒ(എം.എസ്)നം. 725/2010/തസ്വഭവ /04.03.2010 | ഉദയനാപുരം സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമി. നം.1321A/c No.59 | 17200000 | 2994706 | 1541684 | 1453022 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ ഉ (സാധാ) 359/17/ തസ്വഭവ തീയതി 08.02.17 | | | 28317307 | - | 28317307 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,75,42,186 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,12,64,105 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 33,45,616 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 1,69,660 | ശ്രീ.പ്രദീപ് എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 17,950 | ശ്രീ.പ്രദീപ് എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 50,000 | ശ്രീ.ടി.പി.സുദർശൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 36,429 | ശ്രീമതി സീനത്ത് ബീവി കെ.പി., ഹെഡ്മിസ്ട്രസ് |
| 1-35 | 5,45,540 | ശ്രീ.ഹരി ജി.എസ്., സെക്രട്ടറി |
| 1-36 | 11,685 | ശ്രീ.ഹരി ജി.എസ്., സെക്രട്ടറി |
| 1-37 | 3,41,736 | ശ്രീമതി മറ്റം മെറിറ്റ് കുര്യൻ, ഫിഷറീസ് ഇൻസ്പെക്ടർ |
| 1-38 | 60,000 | ശ്രീ.പ്രിൻഷാദ് പി.വൈ., വി.ഇ.ഒ., പടിഞ്ഞാറേക്കര |
| 1-40 | 21,12,616 | ശ്രീ.ഹരി ജി.എസ്., സെക്രട്ടറി |
| **ആകെ** | **33,45,616** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 | കെ.എസ്.എ.കെ.റ്റി.എം/പി6/674/16/1.10.2016 | 3 | |
| 99-00 | കെ.എസ്.എ.കെ.റ്റി.എം/പി6/678/16 /25.08.2016 | 1 | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്6/11-31.08.11 | 1 | |
| 2000-01 വരവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്.6 /11/31.08.11 | -- | |
| 02-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം/പി6/1002(1) /17/30.12.2017 | 10 | |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(1)2018, 08.01.18 | 4 | |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(3) /17/30.12.2017 | 4 | |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(2) /2018, 08.01.18 | 8 | |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(5) /17/28.12.2017 | 10 | |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം/പി6/1690(1) /16/04.03.2017 | 14 | |
| 2009-10 2010-11 | കെ.എസ്.എ.കെ.റ്റി.എം/പി6/1690(2) /17/04.03.2017 | 12 | |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(7)2018, 08.01.18 | 9 | |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/1684/15/23.05.16 | 26 | |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/348/18/20.02.18 | 4 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928 /2016/29.05.17 | 21 | |
| 2016-17 | കെ.എസ്.എ.കെ.റ്റി.എം/പി6/1651/2017/ 27.12.17 | 19 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.6/401/2019 | 23 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി.6/23/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 10.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയി**ലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**